# ക്രൈസ്തവ വനിത



January - February 2019

A fundamental Christian bi-monthly publication of the women, by the women, for the women

2019
January - February

Volume XII
Issue 1

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- ഹിസ്കീയാരാജാവിന്റെ ഉയർച്ചയും അധഃപതനവും – മേരി അഞ്ചൻ 1
- ചില പുതുവത്സര ചിന്തകൾ - എൽസി ബേബി 3
- നിസ്സാരമായതും നിത്യമായതും - ജെസി ബെൻസെൻ 5
- നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ... - മോളിക്കുട്ടി ചാക്കോ 6
- നമ്മുടെ ഉപവാസങ്ങൾ ദൈവത്തിന് പ്രസാദമോ - എൽസി തോമസ് 8
- ഭർത്താവിനാൽ അവഗണിക്കപ്പെട്ടവൾ... - മഹേശ്വരി പുരന്ദരൻ 11
- സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ - വിദ്യാ ബാബു 13
- ഇമ്മാനുവേൽ – ദൈവം നമ്മോടുകൂടെ - മേരി അഞ്ചൻ 16
- വന്ന വഴികൾ മറക്കരുത് - യോഹന്നാൻ എബ്രഹാം 18
- മരണം - ഡോ. കുഞ്ഞുമോൻ ചാക്കോ 20
- എന്നെ അനുഗമിപ്പിൻ - ഡോ. ചാൾസ് ജോൺ 23
- Quest -63 cover 4


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# ഹിസ്കീയാരാജാവിന്റെ ഉയർച്ചയും അധഃപതനവും



**യെ**ഹൂദാരാജാവായ ആഹാസിന്റെ മകൻ ഹിസ്കീയാവ് രാജാവായപ്പോൾ അവന് ഇരുപത്തഞ്ചു വയസ്സായിരുന്നു (2 രാജാ 18:1,2). അവൻ തന്റെ പിതാവായ ദാവീദിനെപ്പോലെ യഹോവയ്ക്കു പ്രസാദമായുള്ളതു ചെയ്തു. ഇരുപത്തൊമ്പതു വർഷക്കാലം യെരുശലേമിൽ രാജാവായിരുന്നു. അവൻ യിസ്രായേലിന്റെ ദൈവത്തെ പൂർണ്ണമായി ആശ്രയിച്ച് പൂജാഗിരികളെയും വിഗ്രഹങ്ങളെയും അശേര പ്രതിഷ്ഠകളെയും നശിപ്പിച്ചു. യിസ്രായേൽ മക്കൾ മരുഭൂമിയിൽവച്ച് യഹോവയ്ക്കു എതിരായി മത്സരിച്ചപ്പോൾ, അവരുടെയിടയിൽ അഗ്നിസർപ്പങ്ങളെ അയച്ചു. യഹോവയുടെ കല്പനപ്രകാരം മോശെ താമ്രംകൊണ്ട് സർപ്പത്തെ നിർമ്മിച്ച് കൊടിമരത്തിൽ ഉയർത്തുകയും വിശ്വാസത്തോടെ അതിനെ നോക്കിയവർ സൗഖ്യം പ്രാപിക്കുകയും ചെയ്തു (സംഖ്യ 21:8-9). നെഹുഷ്ഠാൻ എന്ന പേരിൽ ആ താമ്രസർപ്പത്തെ ഹിസ്കീയാ രാജാവിന്റെ കാലം വരെയും ജനങ്ങൾ ആരാധിച്ചു പോന്നു. അവൻ അതിനെ ഉടെച്ചുകളഞ്ഞു. രാജാവ് പുരോഹിതന്മാരെയും, ലേവ്യരെയും വരുത്തി യഹോവയുടെ ആലയം വെടിപ്പാക്കി ശുദ്ധീകരിച്ചു. ആലയത്തിലെ ആരാധന യഥാസ്ഥാനത്താക്കി. യഹോവയുടെ കല്പന പ്രകാരം ആചരിക്കേണ്ടിയിരുന്ന പെസഹ ആചരിപ്പാനും ജനങ്ങളെ ഉത്ബോധിപ്പിച്ചു. അങ്ങനെ യഹോവയെ പൂർണ്ണമായി അനുസരിച്ചതിനാൽ "അവന്നു മുമ്പും പിമ്പും ഉണ്ടായിരുന്ന സകല യെഹൂദാ രാജാക്കന്മാരിലും ആരും അവനോടു തുല്യനായിരുന്നില്ല" (2 രാജാ 18:5). യഹോവ അവനോടു കൂടെയുണ്ടായിരുന്നതിനാൽ അവൻ ചെന്നേടത്തൊക്കെയും കൃതാർത്ഥനായി. (2 രാജാ. 18-20; 2 ദിനവൃത്താന്തം 29-32; യെശയ്യ. 36-40 എന്നീ മൂന്നുഭാഗങ്ങളിൽ ഹിസ്കീയാരാജാവിന്റെ വൃത്താന്തം രേഖപ്പെടുത്തിയിരിക്കുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

ഹിസ്കീയാ രാജാവ് ഒരു പ്രാർത്ഥനാ മനുഷ്യൻ കൂടെ ആയിരുന്നു. ജനം പാപം ചെയ്തപ്പോൾ രാജാവ് അവർക്കുവേണ്ടി യഹോവയോടു പ്രാർത്ഥിച്ചു; യഹോവ അവന്റെ പ്രാർത്ഥന കേട്ട് ജനത്തെ സൗഖ്യമാക്കി (2 ദിന. 30:17-20). അശ്ശൂർ രാജാവ് യിസ്രായേലിന്റെ നേരെ വമ്പിച്ച സേനയെ അയച്ചു. അവന്റെ ദൂതന്മാർ സകലജനവും കേൾക്കെ ഹിസ്കീയാവിന്റെ ദൈവത്തെ ദുഷിക്കുകയും, നിന്ദിക്കുകയും ചെയ്തപ്പോൾ രാജാവു വസ്ത്രം കീറി രട്ടുടുത്ത് യഹോവയുടെ ആലയത്തിലേക്കു പ്രാർത്ഥിപ്പാൻ പോയി. ദൈവത്തിൽ നിന്നും ധൈര്യം പ്രാപിച്ച്, തന്റെ പടനായകന്മാരെയും, ജനത്തെയും ബലപ്പെടുത്തി: "നിങ്ങൾ ഭ്രമിക്കരുത്, അവനോടുകൂടെയുള്ളതിലും വലിയൊരുവൻ നമ്മോടുകൂടെയുണ്ട്. അവനോടു കൂടെ മാംസഭുജമേ ഉള്ളൂ. നമ്മോടുകൂടെ നമ്മെ സഹായിപ്പാനും, നമ്മുടെ യുദ്ധങ്ങളെ നടത്തുവാനും നമ്മുടെ ദൈവമായ യഹോവ ഉണ്ട്". ഈ വചനങ്ങളാൽ രാജാവ് ജനത്തെ ധൈര്യപ്പെടുത്തി; രാജാവും, യെശയ്യ പ്രവാചകനും പ്രാർത്ഥിച്ചു, സ്വർഗ്ഗത്തിലെ ദൈവത്തോടു നിലവിളിച്ചു. (32 : 20-21) യഹോവ ഉത്തരമരുളി ഒരു ദൂതനെ അയച്ച് അശ്ശൂർ രാജാവിന്റെ പാളയത്തിലെ സകല സൈന്യത്തെയും സംഹരിച്ചു; അങ്ങനെ യഹോവ യിസ്രായേലിനെ രക്ഷിച്ച് അവർക്കു വിശ്രമം നല്കി. ഹിസ്കീയാ രാജാവോ സകലജാതികളുടെയും ദൃഷ്ടിയിൽ ഉന്നതനായിരുന്നു.

അനന്തരം ഹിസ്കീയാ രാജാവു രോഗബാധിതനായി. വീണ്ടും പ്രാർത്ഥനാനിരതനായ രാജാവിനെ നാം കാണുന്നു. അവൻ മരിച്ചു പോകുമെന്നുള്ള വാർത്ത യെശയ്യപ്രവാ

ചകൻമൂലം യഹോവ അരുളിച്ചെയ്തു. രാജാവാകട്ടെ അതിദുഃഖിതനായി കരഞ്ഞു പ്രാർത്ഥിച്ചു. യഹോവ ഉത്തരമരുളി ആയുസ്സിനോടു പതിനഞ്ചു വർഷം ദീർഘിപ്പിക്കുമെന്ന് അരുളിച്ചെയ്തതു കൂടാതെ ആയതിലേക്ക് ഒരു അടയാളവും നല്കി. ഈ അതിശയ വാർത്ത സകല രാജ്യങ്ങളിലേക്കും വ്യാപിച്ചു. അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയുവാനും രാജാവിനെ അഭിനന്ദിക്കുവാനായും ബാബേൽ രാജാവ് ദൂതന്മാർ വശം എഴുത്തും, സമ്മാനങ്ങളും കൊടുത്തയച്ചു. തന്റെ ജീവിതത്തിൽ തുടർച്ചയായി ദൈവം നല്കിയിട്ടുള്ള അത്ഭുതവിഷയങ്ങളെക്കുറിച്ചും, ആയുസ്സിന്റെ ദൈർഘ്യത്തെക്കുറിച്ചും സാക്ഷിപ്പാൻ പറ്റിയ സന്ദർഭത്തിൽ ഹിസ്കീയാരാജാവിന് ഒരു വാക്കുപോലുമില്ലായിരുന്നു! പ്രത്യുത തന്റെ മഹത്ത്വത്തിന്റെ പ്രദർശനമാണ് ചെയ്തത്. തന്റെ സമ്പൽസമൃദ്ധിയിൽ അഹങ്കരിച്ച് രാജധാനിയിലും ആധിപത്യത്തിൽപ്പെട്ട സകലത്തിലും ഉണ്ടായിരുന്ന പൊന്നും, വെള്ളിയും എല്ലാ സ്വത്തുക്കളും അവരെ കാണിച്ചു. അവൻ യഹോവയിൽ നിന്ന് തനിക്കു ലഭിച്ച ഉപകാരം മറന്നുപോയി (2 ദിന. 32:25). “എന്റെ ഭണ്ഡാരത്തിൽ ഞാൻ അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ല” (യെശ. 39:4). ഫലമോ? പില്ക്കാലത്ത് ബാബേൽ രാജാവ് അവൻ പ്രദർശിപ്പിച്ച സകലവും കൂടാതെ, രാജപുത്രന്മാരേയും കൂടെ കൊള്ള ചെയ്തുകൊണ്ടുപോയി.

വിശ്വാസികളായ നമ്മുടെ പൂർവ്വപിതാക്കന്മാരുടെ കാലത്തേക്കാളും സാമ്പത്തികമായി വളരെയധികം അഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന നമ്മുടെ ഭവനങ്ങളിൽ സന്ദർശകർ ആഗതരാവുമ്പോൾ നമ്മെ അനുഗൃഹീതരാക്കിയിരിക്കുന്ന കർത്താവിനെക്കുറിച്ച് സാക്ഷിപ്പാൻ നാം തുനിയാറുണ്ടോ? അതോ, ആധുനിക ഉപകരണങ്ങളാൽ അലംകൃതമായിരിക്കുന്ന നമ്മുടെ ഭവനങ്ങളുടെ പ്രദർശനത്തിലാണോ നാം ശ്രദ്ധ പതിപ്പിക്കുന്നത്? എത്രയോ മനോഹരമായി ആരംഭിച്ച് ദൈവാശ്രയത്തിലും, പ്രാർത്ഥനയിലും വിജയപ്രദമായ ജീവിതം നയിച്ച ഹിസ്കീയാരാജാവിന്റെ ദാരുണ അന്ത്യം എത്രയോ ശോചനീയം!

“ധനവും ബഹുമാനവും നിങ്കൽ നിന്നു വരുന്നു; നീ സർവ്വവും ഭരിക്കുന്നു; ശക്തിയും ബലവും നിന്റെ കൈയിൽ ഇരിക്കുന്നു; സകലത്തെയും വലുതാക്കുന്നതും ശക്തീകരിക്കുന്നതും നിന്റെ പ്രവൃത്തിയാകുന്നു”. (1 ദിന 29:12).

***മേരി അഞ്ചൻ, തുംകൂർ***
ചീഫ് എഡിറ്റർ

---

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്
## Annamma Charles John Writers Award

**ക്രൈ**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന ‘പുതുമുഖ’ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡ് ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

# ചില പുതുവത്സര ചിന്തകൾ

എൽസി ബേബി, ന്യൂ യോർക്ക്



"പുതുവത്സര പുലരി " എന്നൊക്കെ പറഞ്ഞ് ലോകം ന്യൂ ഇയർ ആഘോഷിക്കുമ്പോൾ യഥാർത്ഥ ദൈവമക്കൾക്ക് ഓരോ ദിവസവും പുതുദിനമാകുന്നു. പല രാജ്യക്കാർക്കും, ഭാഷക്കാർക്കും അവരവരുടേതായ ന്യൂ ഇയർ ആഘോഷങ്ങളുണ്ട്. അതു പല മാസങ്ങളും, ദിനങ്ങളുമാകുന്നു എന്നതാകുന്നു വിശേഷത! ദൈവമക്കളെ സംബന്ധിച്ചു അവർ നാളുകൾ എണ്ണി എണ്ണി കഴിയുന്നവരാകുന്നു. 'ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ'' എന്നു പ്രാർത്ഥിച്ചു കഴിയുന്നവർ! നാളെ ഉണ്ടോ എന്നറിയില്ല. 'ഇന്നലെ' കഴിഞ്ഞു പോയി 'ഇന്ന്' എന്ന പുതിയ ദിനം ആയുസ്സിനോടു നീട്ടികിട്ടിയിരിക്കുന്നു. പൗലൊസ് അപ്പൊസ്തലനോടു ചേർന്ന് ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളതു മറന്നും, മുമ്പിലുള്ളതിന്ന് ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കോടുന്നു എന്ന വിശ്വാസത്തിൽ കഴിയുന്നവർ. അവരുടെ ലാക്ക് ക്രിസ്തുവിന്റെ മഹത്ത്വ പ്രത്യക്ഷതയും, അവനോടൊത്ത് നിത്യതേജസ്സിൽ യുഗായുഗം കഴിയുക എന്ന ഭാഗ്യകരമായ പ്രത്യാശയും മാത്രമാകുന്നു. ആ ദിനം എന്നാകുന്നുവെന്ന് അറിഞ്ഞുകൂടാ. 'ഇന്ന്' നാം അതിന്നായി ഒരുങ്ങുക. വിശുദ്ധിയെ തികെച്ചു കാത്തിരിക്കുക. തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് ക്ഷമ പ്രാപിക്കുക; തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകളെക്കൊണ്ട് ആവോളം വ്യാപാരം ചെയ്തുകൊണ്ട് ഉണർന്നും, പ്രാർത്ഥിച്ചും കൊണ്ടിരിക്കുക. അതോടൊപ്പംതന്നെ തിരുവചനപ്രകാരം "സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും, മഹാദൈവവും, നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും, കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും, നീതിയോടും, ദൈവഭക്തിയോടും കൂടെ ജീവിക്കുക" എന്ന ലാക്കിൽ കഴിയുക (തീത്തൊ. 2:11-14).

കൃപയാലെ വിശ്വാസംമൂലം ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച ഓരോ ക്രിസ്തു വിശ്വാസിയും തന്റെ പുത്രനായ ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളർന്ന് ക്രിസ്തുവിന്റെ അതേ ഭാവത്തിലും, സ്വഭാവത്തിലും അനുരൂപരായിത്തീരണമെന്ന് പിതാവിന്നു നിർബന്ധമുണ്ട്. അതിനായി അവന്റെ നിറവിൽനിന്നും നമുക്കെല്ലാവർക്കും കൃപമേൽകൃപ ലഭിച്ചിരിക്കുന്നുവല്ലൊ! ദൈവമക്കൾ ഈ ലോകത്തിൽ ജീവിക്കുന്നത് ദൈവകൃപയാൽ മാത്രമാകുന്നു. ക്രിസ്തുവിലായി, ക്രിസ്തുവിന്നായി, ക്രിസ്തുവിന്റെ ആത്മാവിനാൽ മാത്രം നിയന്ത്രിക്കപ്പെട്ടു ജീവിക്കുന്നവർ രക്ഷയുടെ ഉല്ലാസഘോഷം കൊണ്ടു ചുറ്റപ്പെട്ടവരായി, ഈ ലോകമാലിന്യമേശാതെ ദൈവത്തിന്നായി വേർതിരിച്ചു നിർത്തിയിരിക്കുന്ന ഒരു പ്രത്യേക ജനം! ക്രിസ്തു തലയായുള്ള ശരീരമാകുന്ന ദൈവസഭയുടെ അവയവങ്ങൾ! അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് തങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ

ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയപുരോഹിതവർഗ്ഗവും, വിശുദ്ധവംശവും സ്വന്തജനവും! ദൈവമക്കളുടെ പദവി എത്ര വലിയതും, ഉന്നതവും, ശ്രേഷ്ഠതകളേറിയതുമാകുന്നു എന്നോർക്കുക. ദൈവമക്കൾ ഈ ലോകത്തിൽ എങ്ങനെ ജീവിക്കേണം എന്ന പ്രമാണം തിരുവചനത്തിലൂടെ പിതാവു നല്കിട്ടുണ്ട്. നാം ക്രിസ്തുവിന്റെ തേജസ്സേറിയ പ്രത്യക്ഷതക്കായി വാഞ്ഛിച്ചു കാത്തിരിക്കുന്നവരാകയാൽ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചു വേണം ജീവിക്കുവാൻ. 'ഭക്തികേട്' അഥവാ അഭക്തി, കപടഭക്തി, ഭക്തിയുടെ വേഷം കെട്ടൽ ഇവയെല്ലാം പിതാവിന്നിഷ്ടമല്ല. അങ്ങനെയുള്ളവർ എക്കാലത്തും നമ്മുടെ ഇടയിലുള്ളവരാകുന്നു. നിഗളികളായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ! അവരെ വിട്ടൊഴിയുക എന്നത്രെ തിരുവചനം. ഭക്തിയുടെ വേഷം ധരിച്ച കള്ളപ്രവാചകന്മാരും, ദുരുപദേഷ്ടാക്കന്മാരും, പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന ഒരു കാലത്താണ് നാം വന്നെത്തിയിരിക്കുന്നത്. അങ്ങനെയുള്ളവരെ തിരിച്ചറിഞ്ഞ് അവരിൽ നിന്നകന്നു ജീവിക്കുവാനിടയാകണം.

അടുത്തതായി ദൈവമക്കൾ വിട്ടോടേണ്ടത് 'പ്രപഞ്ചമോഹ'ങ്ങളാകുന്നു. ലോകത്തേയും അതിലുള്ളതിനേയും സ്നേഹിക്കരുത് എന്നത് ദൈവകല്പനയാകുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ സാത്താന്റെ മോഹിപ്പിക്കുന്ന ലൗകിക, ഭൗതിക വിഷയങ്ങളിൽ ആകർഷിതരായി വീണുപോകുന്നവർ അനവധിയാകുന്നു. ക്രിസ്തുമസ്സ്, ന്യൂ ഇയർ എന്ന പേരിൽ ലോകം നിരത്തിവയ്ക്കുന്ന മോഹങ്ങളിൽ വീണു തകരുന്നവർ എത്ര? ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല എന്നോർക്കുക. ലോകസ്നേഹം ദൈവത്തോടു ശത്രുത്വമാകുന്നു. അതു 'വ്യഭിചാരതുല്യ'മാകുന്നു. ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു (യാക്കോ:4:1-10). പ്രിയമുള്ളവരേ ഈ ലോകം ദൈവമക്കൾക്കുയോഗ്യമല്ല. ലോകമക്കൾ ചെയ്യുന്ന ആർഭാടങ്ങളും, അനാവശ്യ ചെലവുകളും, ദൈവഹിതമല്ലാത്ത ആചാരാനുഷ്ഠാനങ്ങളും ഇന്ന് ദൈവഭവനങ്ങളിലും, സഭകളിലും കടന്നുകൂടീട്ടുണ്ട്. അവയൊന്നും പിതാവിന്നിഷ്ടമല്ല എന്നോർക്കുക. ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകും. പ്രപഞ്ചമോഹങ്ങളെ വിട്ടോടുവാനാണല്ലോ ദൈവമക്കൾക്കുള്ള ദൈവകല്പന!

പ്രിയമുള്ളവരേ, പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ പിമ്പിലേക്കു നോക്കി ദൈവം ചെയ്ത ഉപകാരങ്ങളെ ഓർത്തു നന്ദി പറയുക. മുമ്പിലേക്കു നോക്കി വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടു യാത്ര തുടരുക. ഉയരത്തിലേക്കു നോക്കിക്കൊണ്ട് ഹൃദയം യഹോവയിലും അവന്റെ കൃപയിലും ഉറപ്പിച്ചും കൊണ്ട് നമ്മുടെ സീയോൻയാത്ര തുടരാം. ദിനം തോറും കർത്തൃപാദങ്ങളിൽ സ്വയം സമർപ്പിച്ച് "ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും, ദൈവത്തിനു പ്രസാദവുമുള്ള യാഗമായി അർപ്പിച്ച്" കർത്താവുമായുള്ള നിരന്തരബന്ധം പുലർത്തി ഈ ലോകത്തിനനുരൂപരാകാതെ നന്മയും, പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് മനസ്സുപുതുക്കി രൂപാന്തരപ്പെട്ടു ജീവിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ! നമ്മുടെ സംവത്സരങ്ങളെ നന്മകൊണ്ടലങ്കരിക്കുന്ന കർത്താവിൽ മാത്രം ആശ്രയിച്ച്, നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകളേക്കൊണ്ടു വ്യാപാരം ചെയ്തു, വിശുദ്ധിയെ തികച്ച്, വിളക്കുകളിൽ എണ്ണയുമായി നമ്മുടെ പ്രിയന്റെ വരവിന്നായി കാത്തിരിക്കാം. ഈ ലേഖനം അതിനു സഹായമായിതീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ❑

# നിസ്സാരമായതും നിത്യമായതും



ജെസി ബെൻസെൻ, കൊച്ചി

വഴി നടന്ന് ക്ഷീണിച്ച് യാക്കോബിന്റെ ഉറവിങ്കൽ ഇരുന്ന യേശു, അവിടെ വെള്ളം കോരുവാൻ വന്ന സ്ത്രീയോടു കുടിപ്പാൻ ചോദിച്ചു. എന്നാൽ അവൾ അവനു കുടിപ്പാൻ കൊടുത്തില്ലെന്ന് മാത്രമല്ല, അവന്റെ ആവശ്യത്തിന്റെ അസ്വാഭാവികതയെ ചോദ്യം ചെയ്കയും ചെയ്തു. എനിക്കു കുടിപ്പാൻ തരുമോ എന്നു ചോദിച്ച യേശുവിനോട് 'നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ' എന്നാണ് അവൾ മറുചോദ്യം ചോദിക്കുന്നത് (യോഹ. 4:9).

യേശുവിനു കുടിപ്പാൻ കൊടുത്തതു കൊണ്ട് അവൾക്കു ഒന്നും നഷ്ടപ്പെടാനില്ല. ഒരു യെഹൂദനെന്ന നിലയ്ക്ക് യേശുവിനാണ് അതിൽ ബുദ്ധിമുട്ടുണ്ടാകേണ്ടത്. എന്നിട്ടും അവൾ തന്റെ സാമാന്യജ്ഞാനം ഉപയോഗിച്ച് അവനെ ചോദ്യം ചെയ്യുകയായിരുന്നു. യേശുവിനു വെള്ളം കൊടുക്കാതിരിപ്പാൻ എന്തൊക്കെ ന്യായീകരണങ്ങൾ ഉണ്ടെന്നാണോ നാം ചിന്തിക്കുന്നത്? ആർക്കെങ്കിലും ഒരു സഹായം ആവശ്യമുണ്ടെങ്കിൽ അത് കൊടുക്കാതിരിപ്പാൻ എന്തെങ്കിലും വഴിയുണ്ടോ എന്ന് ആലോചിച്ച് അതിന്റെ യുക്തിയും, നമുക്കുള്ള അനുഭവങ്ങളും അറിവുകളുമൊക്കെ വിശദീകരിച്ച് അത് ഒഴിവാക്കുകയാണോ...?

പച്ചവെള്ളം ചോദിച്ചപ്പോൾ ന്യായം പറഞ്ഞ ശമര്യസ്ത്രീക്ക് കർത്താവ് ജീവനുള്ള വെള്ളം വാഗ്ദാനം ചെയ്തു. എനിക്കു കുടിപ്പാൻ തരുമോ എന്ന് നിസ്സഹായനായ വഴിയാത്രക്കാരനെപ്പോലെ ചോദിച്ച യേശു അവൾക്കു ജീവനുള്ള വെള്ളം നല്കാമെന്ന് പറയുമ്പോൾ അവൻ നിസ്സാരക്കാരനല്ലെന്നു കൂടെ അവൾ തിരിച്ചറിഞ്ഞു. നിസ്സാരമായതു ചോദിക്കയും നിത്യമായത് നല്കയും ചെയ്യുന്നവനായിട്ടാണ് അവൻ കാണപ്പെട്ടത്. കുടിപ്പാൻ ദാഹജലം ചോദിക്കയും, കുടിക്കുന്നവന് ഒനുനാളും ദാഹിക്കാത്ത ജീവനുള്ള വെള്ളം വാഗ്ദാനം ചെയ്കയും ചെയ്യുന്നു.

വിശ്വാസം ചോദിക്കയും നിത്യജീവൻ സൗജന്യമായി വാഗ്ദാനം ചെയ്തിരിക്കുന്നവനുമാണ് അവളുടെ മുമ്പിൽ കുടിവെള്ളം ചോദിച്ചുകൊണ്ട് നില്ക്കയും ജീവനുള്ള വെള്ളം വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നത്. കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതുമുണ്ടോ എന്ന് ശിഷ്യന്മാരോട് ചോദിക്കയും പിന്നീട് അവൻ അവർക്കു പ്രാതൽ നല്കയും ചെയ്തിട്ടുണ്ട് (യോഹ. 21:5). ഏലിയാവ് സാരെഫാത്തിലെ വിധവയോട് ചെറിയ ഒരു അട ചോദിക്കയും പകരം മഴ പെയ്യുവോളം തീരാത്തതും കുറഞ്ഞുപോകാത്തതുമായ എണ്ണയും മാവും നല്കി അനുഗ്രഹിക്കയും ചെയ്തു (1 രാജാ 17:13).

അവൻ നിത്യമായത് വാഗ്ദാനം ചെയ്തിരിക്കയാൽ നിസ്സാരമായത് നിരസിക്കുന്നതിന് അതൊരു ഒഴികഴിവല്ല. സഹായം ആവശ്യമുള്ളവരും ആവശ്യപ്പെടുന്നവരുമായ എത്ര പേർക്ക് നാം അത് നിഷേധിക്കയോ തടയുകയോ ചെയ്തിട്ടുണ്ട്? അതിന് നമ്മുടെ ബുദ്ധിയും യുക്തിയും കേട്ടുകേൾവിയുമൊക്കെ കാരണമായിത്തീർന്നിട്ടുണ്ട്. സഹായം നിഷേധിക്കുന്നതിനല്ല, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനാണ് നമുക്ക് കൃപ ആവശ്യമുള്ളത്. ആകയാൽ നമ്മുടെ സംസാരം മറ്റാരുടേയും നന്മയ്ക്കു മുടക്കം വരുത്തരുത്.

*ശേഷം 19-ാം പേജിൽ കാണുക*

# നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ

**(ലൂക്കൊസ് 12:40)**

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



"ഉലകമഹാത്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നുകല്ലറയിൽ-നമ്മൾ
ഉന്നതനേശുമഹേശ്വരൻമാത്രം
ഉയരത്തിൽ വാണിടുന്നു"

ലോകചരിത്രത്തിൽ വീണ്ടും വരുമെന്ന് വാഗ്ദത്തം ചെയ്ത ഏകവ്യക്തി കർത്താവായ യേശുനാഥൻ മാത്രമാണ് . അനേക മഹാന്മാർ, ശാസ്ത്രജ്ഞന്മാർ, ജ്ഞാനികൾ അങ്ങനെ പലവ്യക്തികളും ജീവിച്ചുമരിച്ച ലോകമാണിത്. അവർ ഒക്കെയും ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു ഇന്നും അവരുടെ ശവക്കല്ലറകളിൽ വിശ്രമിക്കുന്നു. എന്നാൽ ക്രിസ്തു എന്ന മഹത് വ്യക്തി മാത്രമേ മരിച്ച് അടക്കപ്പെട്ടു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് വീണ്ടും വരും എന്ന വാഗ്ദത്തം ചെയ്തിട്ടുള്ളത്. (വെളി. 20:12) അതുപോലെ യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ 2,3 വാക്യം വായിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും. ഇതാണ് കർത്താവ് വീണ്ടും വരും എന്നുള്ള വാഗ്ദത്തം. ക്രിസ്തുവിന്റെ വരവിന് സമയമോ, ദിവസമോ വെളിപ്പെടുത്തിയിട്ടില്ല. തന്റെ വരവ് നിനയാത്ത നാഴികയിലാണ്. അതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ. രക്ഷിക്കപ്പെട്ടവർ പ്രത്യാശയുള്ളവരാണ്. രക്ഷിക്കപ്പെടുന്നതിന് മുമ്പ് യാതൊരു പ്രത്യാശയില്ലായിരുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ ഓരോ വിശ്വാസിയിലുമുണ്ട്. ഭാവിയെപ്പറ്റിയുള്ള ശുഭകരമായ പ്രതീക്ഷയാണ് പ്രത്യാശ. കർത്താവു വരുമെന്നുള്ളതാണ് വിശ്വാസം. സ്നേഹം കർത്താവ് വന്നു കഴിഞ്ഞു നിലനില്ക്കുന്നതാണ്. ക്ഷയമുള്ളതും രോഗങ്ങളാൽ നിറഞ്ഞതുമായ ലോകത്തിൽ നിന്നും ദു:ഖവും നെടുവീർപ്പും ഇല്ലാത്ത ഒരു സ്ഥാനത്തേക്കാണ് വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തോണി തുഴയുന്നത്. പൗലൊസ് അപ്പൊസ്തലൻ പറയുന്നത് വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെയിരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അത് അത്യുത്തമമല്ലോ (ഫിലി.1:23). വീണ്ടും വരുമെന്ന് വാഗ്ദത്തം ചെയ്ത കർത്താവിന്റെ വാക്കുകൾ നിവർത്തിക്കപ്പെടുവാൻ ഇനി കാലങ്ങൾ അധികമില്ല. ലോകസംഭവങ്ങൾ കർത്താവിന്റെ വരവിനെ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. തന്റെ വരവിനോടുള്ള ബന്ധത്തിൽ താൻ പറഞ്ഞപ്രവചനങ്ങൾ നിവർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ മണവാളനായ ക്രിസ്തുവിന്റെ വരവിനായി മണവാട്ടിസഭ ഒരുങ്ങിയിട്ടുണ്ടോ? എങ്ങനെയാണ് നാം കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങിയിരിക്കേണ്ടത്? അതിനു പ്രത്യേക സമയമുണ്ടോ? ലൂക്കൊസിന്റെ സുവിശേഷത്തിൽ കർത്താവിന്റെ മടങ്ങി വരവിനെക്കുറിച്ച് ഇപ്രകാരം വായിക്കുന്നു. നിങ്ങളുടെ അരകെട്ടിയും വിളക്കു കത്തിയും കൊണ്ടിരിക്കട്ടെ (ലൂക്കൊ. 12:35-40).

ഏത് ദിവസവും ഏത് സമയത്തും നമ്മുടെ കർത്താവ് മടങ്ങി വരാം. ആയതിനാൽ ഒരുക്കമുള്ളവർ ആയിരിക്കണം. എപ്രകാരമാണ് നാം ഒരുങ്ങിയിരിക്കേണ്ടത്? മുകളിൽ കുറിച്ച വചനഭാഗം വായിക്കുക.

കർത്താവിന്റെ വരവിനോടുള്ള ബന്ധത്തിൽ കർത്താവ് പറഞ്ഞ ഉപമയിൽ നിന്നും തന്റെ വരവിനായി ഒരുങ്ങേണ്ട ചിലകാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം.

**1. അരകെട്ടിയിരിക്കണം :** സാധാരണ രീതിയിൽ ചിന്തിക്കുമ്പോൾ അരകെട്ടുന്നത് യാത്രപുറപ്പെടുവാനാണ്. യിസ്രായേലിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജനം ഈജിപ്റ്റിലെ (മിസ്രയീമിലെ) അടിമത്തത്തിൽ നിന്നും മോചനം പ്രാപിച്ച പിതാക്കന്മാർക്ക് വാഗ്ദത്തം ചെയ്ത് കനാൻ ദേശത്തേക്കുള്ള യാത്ര ആരംഭിക്കുന്നതിനു മുമ്പ് മോശെ യിസ്രായേൽ ജനത്തോട് ഓർമ്മിപ്പിക്കുന്നു. അരകെട്ടിയും, കാലിനു ചെരിപ്പിട്ടും, കൈയിൽ വടിപിടിച്ചും കൊണ്ട് നിങ്ങൾ പെസഹാ കുഞ്ഞാടിന്റെ മാംസം തിന്നേണം (പുറ. 12:11). സാത്താന്റെ അടിമത്തത്തിൽ നിന്നും കാൽവരി ക്രൂശിൽ തകർക്കപ്പെട്ട കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കളെ തങ്ങളുടെ പ്രത്യാശയുടെ തുറമുഖമായ സ്വർഗ്ഗീയ കനാനിലേക്കു ചേർക്കുവാൻ നമ്മുടെ കർത്താവ് മേഘങ്ങളെ വാഹനമാക്കി കടന്നു വരുന്ന കാലം ആസന്നമായി. ആ വിദൂരതയിലേക്കുള്ള യാത്രയ്ക്കായി നാം അരകെട്ടി ഒരുക്കമുള്ളവർ ആയിരിക്കണം. പ്രിയ വിശ്വാസിയേ നീ അരകെട്ടി ഒരുക്കമുള്ളവനായിരിക്കുന്നുവോ?

**2. നിങ്ങളുടെ വിളക്കു കത്തിക്കൊണ്ടിരിക്കണം.**

പാപാന്ധകാരത്തിൽ കിടന്ന മനുഷ്യൻ അത്ഭുത പ്രകാശമാർന്ന ക്രിസ്തുവിനാൽ പ്രകാശമുള്ളവനായിതീർന്നു. ഈ പ്രകാശം നമ്മിൽ നിന്നും അറ്റുപോകുവാൻ പാടുള്ളതല്ല. ആത്മീയമായി നാം തീക്ഷ്ണതയുള്ളവരും നമ്മിൽ അടങ്ങിയിരിക്കുന്ന ക്രിസ്തുവിന്റെ പ്രകാശത്തെ മറ്റുള്ളവർ കാണത്തക്കവണ്ണം നാം പ്രകാശിക്കേണ്ടതുമാണ്. കൃപാകാലം ഈ ലോകത്തിന് രാത്രികാലമാണ്. നീതി സൂര്യനായ ക്രിസ്തു വീണ്ടും വരുന്നതുവരെ ലോകത്തിനു വെളിച്ചം കൊടുക്കേണ്ടത് സഭയത്രേ (റോമർ 13:12 വായിക്കുക). (2 കൊരി. 3:3) നിങ്ങൾ ക്രിസ്തുവിൻ പത്രങ്ങളാണ്. നാം ലോകത്തിന്റെ പത്രങ്ങളായി ലോകം നമ്മെ വായിക്കണം.

നാം ലോകസംഭവങ്ങളെ കണ്ട് ഭയന്ന് ഓടി നിരാശരായി ഏലിയാവിനെപ്പോലെ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുന്നവരാണോ? അതോ പൗലൊസിനെപ്പോലെ ജ്വലിച്ചു പ്രകാശിക്കുന്നവരാണോ? കർത്താവിന്റെ വരവ് ഏറ്റവും സമീപമായിരിക്കുന്നു. ആകയാൽ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കാം. പ്രതിഫലങ്ങളെ നല്കിടുവാൻ യേശു രാജാവായി വരുവാൻ ഇനിയും അധികം നാളുകളില്ല. തന്നിൽ വിശ്വസിക്കുന്ന തന്റെ ഭക്തന്മാരെ ചേർക്കുവാൻ താൻ വേഗം വരുന്നു. ആയതിനാൽ നമ്മുടെ വിളക്ക് പ്രകാശമുള്ളതായിരിക്കട്ടെ.

**3. ഉണർന്നിരിപ്പിൻ**

കർത്താവ് ഉപമയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത് പ്രതീക്ഷിക്കാത്ത നിമിഷത്തിൽ അഥവാ നിനയാത്ത നാഴികയിൽ ആണ് മനുഷ്യപുത്രന്റെ വരവ് എന്നാണ്. ക്രിസ്തുവിന്റെ വരവിന്റെ സമയം ആർക്കും പ്രവചിക്കാൻ കഴിയാത്തതാണ്. "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല"(എബ്രാ. 10:37). ഇന്നത്തെ ലോക

*ശേഷം 10-ാം പേജിൽ കാണുക*

# നമ്മുടെ ഉപവാസങ്ങൾ ദൈവത്തിന് പ്രസാദമോ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**ഇ**ന്നത്തെ ക്രൈസ്ത സമൂഹത്തിൽ ഉപവാസം അനുഷ്ഠിക്കുന്ന അനേകരുണ്ട്. എന്നാൽ മനുഷ്യൻ അനുഷ്ഠിക്കുന്ന ഉപവാസങ്ങളെയും അവയുടെ ലക്ഷ്യങ്ങളെയും സർവ്വശക്തനായ ദൈവം സൂക്ഷ്മമായി നിരീക്ഷിക്കുന്നുവെന്നു അധികമാരും ചിന്തിക്കാറില്ല. കഴിഞ്ഞ എഴുപതുസംവത്സരമായി അഞ്ചാം മാസത്തിലും ഏഴാം മാസത്തിലും തങ്ങൾ അനുഷ്ഠിച്ചുവരുന്ന ഉപവാസം തുടരേണമോയെന്ന് തന്നോടു ചോദിക്കുന്ന പുരോഹിതന്മാർക്കും, പ്രവാചകന്മാർക്കും ദൈവം നല്കുന്ന മറുപടിയിൽ നിന്ന് മനുഷ്യൻ ദൈവസന്നിധിയിൽ അനുഷ്ഠിക്കുന്നുവെന്നു പ്രഖ്യാപിക്കുന്ന ഉപവാസങ്ങളുടെ ഉദ്ദേശ്യശുദ്ധി സർവ്വജ്ഞാനിയായ ദൈവം സസൂക്ഷ്മം നിരീക്ഷിക്കുന്നുവെന്നു വ്യക്തമാകുന്നു (സെഖര്യാ. 7:5).

നീണ്ട 70 വർഷങ്ങൾ അവർ നടത്തിയ ഭക്ഷണവർജ്ജനങ്ങൾ ഉപവാസങ്ങളായി അത്യുന്നതനായ ദൈവം അംഗീകരിച്ചില്ല. കാരണം അവരുടെ കരച്ചിൽ തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിൽ നിന്നുള്ളതല്ലായിരുന്നു. സ്നേഹവാനായ ദൈവത്തോടു വിശുദ്ധിയിൽ അലിഞ്ഞു ചേരുവാനുമല്ലായിരുന്നു അവർ ഭക്ഷണം വെടിഞ്ഞത്. എന്നാൽ തങ്ങളുടെ പാപങ്ങളെ കുറിച്ച് അനുതപിച്ച് അവ ഉപേക്ഷിച്ച് പുതിയ സൃഷ്ടികളായിത്തീരുന്ന ഉപവാസങ്ങളിലാണ് ദൈവം പ്രസാദിക്കുന്നത്. മറിച്ച് സ്വാർത്ഥ താത്പര്യങ്ങളോടും ഭൗതിക ലക്ഷ്യങ്ങളോടും കൂടെ മാനുഷികബുദ്ധിയിൽ അനുഷ്ഠിക്കുന്ന ഉപവാസങ്ങൾക്ക് ദൈവസന്നിധിയിൽ നിന്ന് യാതൊരു അനുഗ്രഹങ്ങളും നേടുവാൻ കഴിയാത്ത കേവലം ഭക്ഷണവർജ്ജനങ്ങളായി മാത്രം തീരുന്നുവെന്നു വേദപുസ്തകം പറയുന്നു.

ആധുനിക യുഗത്തിലെ ഉപവാസങ്ങൾ സമരമുറപോലെ തോന്നിപ്പോകുന്നു. കാരണം പിടിച്ചുമേടിക്കുന്ന പ്രവണതയേറുന്നു. ''ഞങ്ങൾക്കു തന്നേ മതിയാവൂ കർത്താവേ" പിടിച്ചുവാങ്ങുന്നതല്ല അനുഗ്രഹം മറിച്ച് പ്രാപിച്ചെടുക്കുന്നതാണെന്നുള്ള യാഥാർത്ഥ്യം പലരും മറന്നു പോകുന്നു. ശരീരത്തിന് ശിക്ഷണം കൊടുത്ത് ഭക്ഷണം വെടിഞ്ഞ് അവന്റെ തൃക്കാല്ക്കലിരുന്ന് വചനം സ്വീകരിച്ച് ശക്തിയെ പുതുക്കി ദൈവഹിതമറിയാനും പുതിയ വ്യക്തിയായി രൂപാന്തരപ്പെടുവാനുമാണ് നാം ഉപവസിക്കേണ്ടത്.

ഉപവാസത്തിലൂടെ ലഭിച്ച ദൈവതേജസ്സ് നമ്മിലേക്ക് വ്യാപരിക്കുമ്പോൾ നമ്മിലെ പുറത്തെ മനുഷ്യൻ ക്ഷയിച്ച് അകത്തെ മനുഷ്യൻ ബലപ്പെടുവാൻ തുടങ്ങും. അതായത് ജഡത്തിന്റെ പ്രവൃത്തികൾ ഒന്നൊന്നായി അഴിയാൻ തുടങ്ങും. പുറത്തെ മനുഷ്യന്റെ നിയന്ത്രണം അകത്തെ മനുഷ്യൻ ഏറ്റെടുക്കും. തന്മൂലം ആത്മാവിന്റെ പ്രവൃത്തികൾ നമ്മിലേക്ക് പകർന്നുകൊണ്ടിരിക്കും. പാപങ്ങളെയും, അശുദ്ധിയെയും പുറത്തേക്കു കൊണ്ടുവരും. വചനത്തിലാശ്രയിക്കുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തിൽ നമുക്ക് നല്ലതെന്നു തോന്നിയിരുന്ന പല ചിന്തകളും പാപമായി തോന്നിത്തുടങ്ങും. നല്ലതെന്നു കരുതിയ പലതും നാം ഉപേക്ഷിക്കാൻ തയ്യാറാകും. ഈ

ആത്മശക്തിയാണ് നമുക്കു ഉപവാസത്തിലൂടെ ലഭ്യമാകേണ്ടത്.

**ദൈവത്തിനിഷ്ടമുള്ള ഉപവാസം:**

ഇന്ന് ദൈവജനത്തിന് നഷ്ടമായികൊണ്ടിരിക്കുന്ന ഒരു കാര്യം "എന്തിനാണ് ഞാൻ ദൈവസന്നിധിയിൽ ഇരിക്കുന്നതെന്നുള്ളതാണ്". മനുഷ്യന് ആത്മശക്തിവേണ്ട. പകരം ഭൗതികനന്മകൾ മാത്രം. എന്നാൽ ദൈവസന്നിധിയിൽ വരുന്നതിനുമുമ്പുള്ള ചില ക്രമീകരണങ്ങൾ നാം ചെയ്യേണ്ടതായിട്ടുണ്ടെന്ന് തിരുവചനം നമ്മോടു പറയുന്നു. അന്യായബന്ധനങ്ങൾ അഴിക്കുക, നുകത്തിന്റെ അമിക്കയറുകൾ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക. ഇതാകുന്നു ദൈവത്തിന് ഇഷ്ടമുള്ള ഉപവാസം. വിശപ്പുള്ളവനുമായി അപ്പം പങ്കിടുക, പാർപ്പിടമില്ലാത്ത ദരിദ്രനെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും, നിന്റെ മാംസരക്തങ്ങളായവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതുമല്ലയോ? (യെശയ്യാവ് 58:6,7).

ഇങ്ങനെയുള്ള ക്രമീകരണങ്ങൾ നാം ചെയ്യുമ്പോൾ നിന്റെ നീതി നിനക്കു മുമ്പായി നടക്കും. യഹോവയുടെ മഹത്ത്വം നിന്റെ പിമ്പിൽ കാവലായിരിക്കും. യെശയ്യാവ് 58 -ാം അദ്ധ്യായം ദൈവത്തിനു പ്രസാദകരമാകുന്ന ഉപവാസം എങ്ങനെയെന്നു നമ്മോടു ഊന്നി ഊന്നി പറയുന്നു.

നമ്മുടെ ആത്മീയ ജീവിതത്തിനു തടസ്സമായി നില്ക്കുന്ന നമ്മുടെ ജഡത്തിന്റെ പ്രവൃത്തികളിൽ നിന്നും, ചിന്തകളിൽനിന്നും മോചിതരാകണം. അന്യരുടെ പാപചുമടുകൾ ഇറക്കിവയ്ക്കണം. അതായത് മറ്റുള്ളവർ നമ്മോടു ചെയ്തതും, പറഞ്ഞതുമായ കാര്യങ്ങൾ ഹൃദയപൂർവ്വം ക്ഷമിച്ച് അതിന്റെ മുറിവ് ഉണക്കിയതിനുശേഷം ദൈവസന്നിധിയിൽ വരുക, ക്ഷമിക്കാത്തവന്റെ പ്രാർത്ഥന ദൈവം കേൾക്കയില്ല. നാം ഉപവസിച്ചത് ദൈവവ്യവസ്ഥപ്രകാരമാണോയെന്ന് ഒന്നു പുനഃപരിശോധിക്കാം. കുറവുകൾ തിരുത്താം. പ്രതിസന്ധികളിൽ തളരാതെ മുന്നേറുവാൻ ഉപവാസത്തിലൂടെയും, പ്രാർത്ഥനയിലൂടെയും ആത്മശക്തി ഏറ്റെടുത്തു മുന്നേറാം.

തിരുവചനത്തിൽ അർദ്ധദിന ഉപവാസങ്ങൾ മുതൽ നാല്പതുദിന ഉപവാസങ്ങൾവരെ കാലദൈർഘ്യമുള്ള ഉപവാസങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. തിരുവചനത്തിൽ പ്രശ്നങ്ങളെ മുമ്പിൽ കണ്ടുകൊണ്ടും, ദൈവഹിതപ്രകാരമുള്ള വ്യക്തികളെ വേർതിരിക്കുന്നതിനും ഉപവാസം നടത്തിയതായി കാണുന്നു. അപ്പൊ.പ്രവൃത്തി 13:1–3 ദൈവവേലയ്ക്കായി വ്യക്തികളെ വേർതിരിക്കാനായി അന്ത്യോക്യയിലെ പ്രവാചകന്മാരും, ഉപദേഷ്ടാക്കളും ഉപവസിച്ചു പ്രാർത്ഥിച്ചു. ബർന്നബാസിനെയും പൗലൊസിനെയും വേർതിരിക്കുവാൻ പരിശുദ്ധാത്മാവ് കല്പിച്ചു. എന്നാൽ പ്രശ്നത്തെ കണ്ടുകൊണ്ടല്ല, പ്രത്യുത വരാൻ പോകുന്ന പ്രശ്നങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഉപവസിച്ച പ്രമുഖ വ്യക്തികൾ അവരുടെ ഉപവാസത്തിൽ ഉത്തരമരുളിയ ദൈവം. യെരുശലേമിന്റെ മതിലിന്റെ അവസ്ഥകണ്ടു നെഹെമ്യാവ് കണ്ണുനീരോടെ ഉപവസിച്ചു പ്രാർത്ഥിച്ചു. അമ്പത്തിരണ്ടു ദിവസംകൊണ്ട് മതിൽ പണി പൂർത്തിയായി (നെഹെ.1:4,6:15). യെഹൂദാജനതയെ ഉന്മൂല നാശത്തിൽനിന്നും രക്ഷിച്ച എസ്ഥേർ രാജ്ഞിയുടെയും, യെഹൂദന്മാരുടെയും ത്രിദിനഉപവാസപ്രാർത്ഥന നമ്മുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു (എസ്ഥേർ 4:16).

മോവാബ്യരും അമ്മോന്യരും മേയൂന്യരും ചേർന്ന് യെഹോശാഫാത്തിനെതിരേ യുദ്ധത്തിനു പുറപ്പെട്ടപ്പോൾ യെഹോശാഫാത്തും ജനവും ദൈവത്തോടു ഉപവസിച്ച് നിലവിളിച്ചു . "യുദ്ധം യഹോവയ്ക്കുള്ളത്" എന്നരുളി ചെയ്ത ദൈവം വന്ന വൈരിയെ തകർത്തു (2 ദിനവൃ.:20:3,22,24). 40

ദിവസം കഴിഞ്ഞ് നിനവേ ഉന്മൂലമാക്കുമെന്നുള്ള യോനാപ്രവാചകന്റെ മുന്നറിയിപ്പ് കേട്ട് നിനവേ നിവാസികൾ ഉപവസിച്ച് തങ്ങളുടെ ദുർമാർഗ്ഗം വിട്ടുതിരിഞ്ഞു. അനർത്ഥം അവരുടെമേൽ വരുത്തിയില്ല (യോന. 3:5,6,10). ബാബിലോണിൽനിന്നും യെരുശലേമിലേക്ക് പുറപ്പെട്ട എസ്രായും പ്രവാസികളും സുരക്ഷിത യാത്രയ്ക്കുവേണ്ടി അഹവാ നദീ തീരത്തുവച്ചു ദൈവസന്നിധിയിൽ ഉപവസിച്ചു. അവർ സുരക്ഷിതരായി യെരുശലേമിൽ എത്തിച്ചേർന്നു.

പ്രിയരേ, നമുക്കും നമ്മുടെ ജീവിതയാത്രയിലും വ്യസനകരവും, മാനുഷികബുദ്ധിക്കു പരിഹരിക്കാൻ കഴിയാത്തതുമായ പ്രശ്നങ്ങളുടെ മുമ്പിൽ സ്വയം വിശുദ്ധീകരിച്ച് ഉപവസിച്ചു പ്രാർത്ഥിക്കാം. പാപങ്ങൾ മറ്റുള്ളവരുടെമേൽ ആരോപിക്കാതെ നമ്മിൽ നിന്നും നമ്മുടെ ഭവനങ്ങളിൽ നിന്നും വന്നുപോയ കുറവുകളെ ക്ഷമിക്കുവാൻ അനുതാപത്തോടുകൂടി പ്രാർത്ഥിക്കാം. നമ്മെ തന്നെ നമുക്കു ദൈവസന്നിധിയിൽ വിനയപ്പെടുത്താം.

നാം ഇപ്രകാരം ഉപവാസം അനുഷ്ഠിക്കുമ്പോഴും ദൈവവചനം ശ്രവിക്കുമ്പോഴും അനുതാപത്തോടും, പ്രാർത്ഥനാപൂർവ്വവും എടുക്കുന്ന തീരുമാനങ്ങളിലുമല്ല ദൈവം പ്രസാദിച്ചുത്തരമരുളുന്നത്. പിന്നെയോ ദൈവത്തോട് താദാത്മ്യം പ്രാപിക്കുവാനായി നാം എടുത്ത തീരുമാനങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് ദൈവം പ്രസാദിക്കുന്നതെന്ന് തിരുവചനത്തിൽ ദൈവം നിനവേ നിവാസികളോടുള്ള സമീപനത്തിലൂടെ നമ്മോടു പറയുന്നു. അതുകൊണ്ട് ദൈവസന്നിധിയിൽ ദൈവത്തിന് പ്രസാദകരമായ ഉപവാസം അനുഷ്ഠിച്ച് ആത്മശക്തിയേറ്റെടുത്ത് നിത്യതയുടെ തുറമുഖത്തെത്തുവാൻ കരുണാനിധിയായ കർത്താവ് നമ്മെയെല്ലാവരെയും സഹായിക്കുകയും, അനുഗ്രഹിക്കയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

❑

---

*7- ാം പേജ് തുടർച്ച... (**നിനയാത്ത നാഴിക..**)*

സംഭവങ്ങൾ കാണുമ്പോൾ ക്രിസ്തു അടുക്കൽ വാതില്ക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞു കൊള്ളുവിൻ. ലോകം അന്ധകാരത്തിലായിരിക്കുമ്പോൾ വിശ്വാസികളായ നാം ഉണർന്നിരിക്കണം. രാജാധിരാജന്റ മടങ്ങിവരവ് നാം ആഗ്രഹിക്കുന്നവർ ആണ്. സുഖസൗകര്യങ്ങൾ അനുഭവിച്ച് ഈ ലോകത്തിൽ തന്നെ ജീവിക്കാമെന്ന് ചിന്തിക്കാത്ത വ്യക്തിജീവിതങ്ങളും ഇല്ലാതില്ല.

ഇന്നത്തെ ആത്മീയഗോളം ഉറക്കത്തിന്റെ അവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു നഗ്ന സത്യമല്ലേ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രത്യാശയും ആത്മീയതീക്ഷ്ണതയും നമുക്ക് വീണ്ടെടുക്കാം. ഉണർവോടെ പ്രത്യാശാകരമായ ജീവിതം നയിക്കാം. ലോകമോഹങ്ങളെ ഉപേക്ഷിച്ചിട്ട് ഈ ലോകത്തിൽ ദൈവഭക്തിയോടെയും, പ്രത്യാശയോടെയും ജീവിക്കാം. കർത്താവു പറഞ്ഞു, ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളി. 22:12). ക്രിസ്തുവിന്റെ പക്കൽ നിന്നും പ്രതിഫലങ്ങൾ വാങ്ങുവാൻ ലജ്ജിക്കാത്ത സാക്ഷിയായ് നില്പാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഇന്ന് ലോകത്തിൽ നടക്കുന്ന ഓരോ സംഭവങ്ങൾ പത്രം മുഖേന വായിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങളാണ്. കൂടാതെ ആത്മീയഗോളത്തിൽ നടക്കുന്ന സംഭവങ്ങൾ ലജ്ജിപ്പിക്കുന്ന വാർത്തകളാണ്. പ്രിയമുള്ളവരേ, നമുക്ക് വിശുദ്ധ ജീവിതം നയിച്ച് കർത്താവിനെ എതിരേല്ക്കാൻ വിശുദ്ധിയോടെ ഒരുങ്ങാം.

❑

# ഭർത്താവിനാൽ അവഗണിക്കപ്പെട്ടവൾ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടു



മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ

**യി**സ്രായേൽ ഗൃഹം പണിയുവാൻ ദൈവം എടുത്തുപയോഗിച്ച രണ്ടു സഹോദരിമാരാണ് ലേയയും റാഹേലും. അപ്പനായ ലാബാന്റെ പൂർണ്ണ നിയന്ത്രണത്തിലും അനുസരണത്തിലും അവർ സ്വഭവനത്തിൽ വളർന്നു.

**ലേയ:-** തന്റെ സഹോദരിയായ റാഹേലിനേക്കാൾ സൗന്ദര്യം കുറഞ്ഞവളും ശോഭ കുറഞ്ഞ കണ്ണുകളോടുകൂടിയവളും ആയിരുന്നു. അവിവാഹിതയായിരുന്ന അവൾ സ്വഭവനത്തിൽ ഒതുങ്ങികഴിഞ്ഞിരുന്നു. എന്നാൽ ഒരു രാത്രിയിൽ അപ്പന്റെ ആജ്ഞപ്രകാരം തന്റെ സഹോദരിയായ റാഹേലിനായി കാത്തിരുന്ന യാക്കോബിന്റെ അടുക്കലേക്ക് മൗനാവലംബയായി ഇരുട്ടിന്റെ മറവിൽ ഭാര്യാ പദവിയിലേക്ക് വീഴേണ്ടിവന്ന ഹതഭാഗ്യയായ ഒരു പാവം സ്ത്രീ.

പിന്നീടുള്ള അവളുടെ ജീവിതം നിരാശാജനകമായിരുന്നു. ഭർത്താവിന്റെ സ്നേഹത്തിനായി വേഴാമ്പലിനെപോലെ കാത്തിരുന്നവൾക്ക് അവന്റെ അനിഷ്ടയായും തന്റെ സഹോദരിയുടെ കണ്ണിനു കരടായും ജീവിക്കേണ്ടിവന്നു. ലാബാന്റെ ചതിയിൽ റാഹേലിനെ നഷ്ടപ്പെട്ടുവെങ്കിലും യാക്കോബ് വീണ്ടും ഏഴു വർഷംകൂടി ലാബാനെ സേവിച്ചു അവളെ നേടിയെടുത്തു. അവൻ ലേയയെക്കാൾ അധികം റാഹേലിനെ സ്നേഹിച്ചു.

ലേയ അനിഷ്ട എന്നു കണ്ട് ദൈവം അവളുടെ ഗർഭപാത്രം തുറന്നു. അവൾ യാക്കോബിന് രൂബേൻ, ശിമെയോൻ, ലേവി, യെഹൂദാ, യിസ്സാഖാർ, സെബൂലൂൻ എന്നിങ്ങനെ ആറു പുത്രന്മാരെയും ദീന എന്ന മകളെയും സമ്മാനിച്ചു. തന്റെ ദാസിയായ ബിൽഹായെ ഭാര്യയായി കൊടുത്തു. ഗാദ്, ആശേർ എന്നീ രണ്ടു പുത്രന്മാരെയും നല്കി ദൈവം അവളെ അനുഗ്രഹിച്ചു യിസ്രായേൽ ഗൃഹം പണിയുവാൻ വലിയ പങ്കു വഹിച്ചു.

തന്റെ ഭർത്താവിന്റെ സ്നേഹത്തിനായി കാത്തിരുന്ന ലേയ തന്റെ പുത്രന്മാർക്ക് പേരിടുമ്പോൾ അവളെ സ്നേഹിക്കും, അവളോടു പറ്റിച്ചേരും അവളോടുകൂടെ വസിക്കും എന്നു പറഞ്ഞുകൊണ്ടായിരുന്നു. എന്നാൽ അതുണ്ടായില്ല. നാലാമത്തെ മകനെ പ്രസവിച്ച സമയം ഇപ്പോൾ ഞാൻ യഹോവയെ സ്തുതിക്കും എന്നു പറഞ്ഞു യെഹൂദാ എന്നു പേർ വിളിച്ചു. അതു പില്കാലത്ത് അന്വർത്ഥമായി. മാനവരാശിയുടെ പാപപരിഹാരത്തിനായി യേശുക്രിസ്തുവിന്റെ ജനനവും യെഹൂദാ ഗോത്രത്തിൽ നിന്നായിരുന്നല്ലോ (യെശ. 9:6,7). ഇന്നു യേശുക്രിസ്തുവിലൂടെ പിതാവാം ദൈവത്തെ കോടാനുകോടി ജനങ്ങൾ രാപ്പകൽ സ്തുതിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ മക്കൾക്ക് പേരിടുമ്പോൾ ദൈവഹിതാനുസൃതമായി പേരിടുവാൻ ശ്രദ്ധിക്കണം.

ഒരു രാത്രി ഭർത്താവിനോടൊത്തു ശയിക്കുവാൻ തന്റെ സഹോദരിയിൽ നിന്നു ദൂദായിപ്പഴം കൊടുത്തു ഭർത്താവിനെ കൂലിക്കു വാങ്ങേണ്ടിവന്ന ലേയയുടെ ജീവിതത്തിൽ അവൾ അനുഭവിക്കേണ്ടിവന്ന ഹൃദയവേദന എത്ര ഭയങ്കരം എന്നു നാം ഓർക്കണം. കുടുംബജീവിതത്തിൽ ഉണ്ടാകുന്ന ചെറിയ ചെറിയ പ്രശ്നങ്ങൾകൊണ്ട് വിവാഹമോചനം തേടുന്നവർ ഇന്നു വിശ്വാസ സമൂഹത്തിൽ വരെ കണ്ടു തുടങ്ങിയിരിക്കുന്നു. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപെടുത്തരുത് എന്നുള്ള ദൈവകല്പന നമുക്കുണ്ട്. പ്രശ്നങ്ങൾ വരുമ്പോൾ അതു വിട്ടോടി പോകാതെ ദൈവകരങ്ങളിൽ ഭരമേല്പിച്ചു പ്രാർത്ഥിക്കുമ്പോൾ കർത്താവു പരിഹാരമാർഗ്ഗം ഒരുക്കും


ഭർത്താവിനാൽ...

(1കൊരി. 10:13). പരീക്ഷയോടുകൂടെ പോക്കുവഴി ഒരുക്കുന്ന കർത്താവിൽ സമ്പൂർണ്ണമായും ആശ്രയിക്ക. അപ്പോൾ പിൽക്കാലത്തു കഴിഞ്ഞു പോയതെല്ലാം ഒരു സ്വപ്നം പോലെയായിത്തീരും, തലമുറകൾ അനുഗ്രഹിക്കപ്പെടും.

ലേയയുടെ ജീവിതം സഹനത്തിന്റെ നല്ല മാതൃകയാണ്. അവൾ ഭർത്താവിനു അനിഷ്ടയായും സഹോദരിയുടെ കണ്ണിനു കരടായും ജീവിക്കേണ്ടിവന്നെങ്കിലും യഹോവ അവളെ അനുഗ്രഹിച്ചു. പദൻ- അരാമിൽ നിന്നും യാത്ര ചെയ്ത് യാക്കോബിന്റെ ഭാര്യയായി അവന്റെ ഭവനത്തിൽ മക്കളോടൊത്ത് എത്തിച്ചേരുവാനും സന്തോഷത്തോടെ വസിപ്പാനും അവളെ യഹോവ സഹായിച്ചു. മാത്രമല്ല അവളെ എല്പിച്ച ദൗത്യം തികച്ച് മരിച്ചപ്പോൾ നല്ല ഒരടക്കവും പിതാക്കന്മാരുടെ കല്ലറയിൽ ഒരു സ്ഥാനവും ലേയയ്ക്കു ലഭിച്ചു. "ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവുമാകുന്നു. യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും" (സദൃ. 31:30).

**റാഹേൽ:-** വിടർന്ന കണ്ണുകളോടുകൂടിയവളും സുന്ദരിയും രൂപലാവണ്യമുള്ളവളും വളരെ സാമർത്ഥ്യത്തോടെ അപ്പന്റെ ആടുകളെ മേയിക്കുന്ന ജോലിയിൽ വ്യാപൃതയുമായിരുന്നു. യാക്കോബ് അമ്മയുടെ സഹോദരനായ ലാബാനെ അന്വേഷിച്ചുവരുമ്പോൾ കിണറ്റുകരയിൽ വച്ച് റാഹേലിനെ ആദ്യമായി കണ്ടു. അന്നു മുതൽ അവൻ അവളെ സ്നേഹിച്ചു. ഏഴു വർഷം അവൾക്കുവേണ്ടി അവളുടെ അപ്പനായ ലാബാനെ സേവിച്ചു. അവളെയും കാത്തിരുന്ന രാത്രിയിൽ ലാബാന്റെ ചതിയിൽ ഇരുട്ടിൽ അവന്റെ മൂത്തമകളായ ലേയയെ ഭാര്യയായി സ്വീകരിക്കേണ്ടിവന്നു. വീണ്ടും ഏഴുവർഷം കൂടി ലാബാനെ സേവിച്ചതിനുശേഷമാണ് റാഹേലിനെ ഭാര്യയായി ലഭിച്ചത്. യാക്കോബ് റാഹേലിനെ ലേയയേക്കാൾ വളരെയേറെ സ്നേഹിച്ചു. റാഹേൽ ഏറെ നാളുകൾ മച്ചിയായി ജീവിക്കേണ്ടി വന്നു. തന്റെ സഹോദരി ലേയയ്ക്കു മക്കൾ ജനിക്കുന്നതു കണ്ടപ്പോൾ അവളോടു അസൂയപ്പെട്ട് തന്റെ ദാസിയായ ബിൽഹായെ യാക്കോബിനു ഭാര്യയായി കൊടുത്തു. ആദ്യമകനെ ലഭിച്ചപ്പോൾ ദൈവം എനിക്കു ന്യായം നടത്തി എന്നു പറഞ്ഞു ദാൻ എന്ന പേർ വിളിച്ചു. ബിൽഹായിൽ ജനിച്ച രണ്ടാമത്തെ മകന് എന്റെ സഹോദരിയോട് വലിയോരു പോർ പൊരുതി ജയിച്ചു എന്നു പറഞ്ഞു നഫ്താലി എന്നു പേർ വിളിച്ചു.

എനിക്കു മക്കളെ തരണം അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു യാക്കോബിനോട് പറഞ്ഞപ്പോൾ നിനക്കു മക്കളെ തരുന്ന ദൈവത്തിന്റെ സ്ഥാനത്താണോ ഞാൻ എന്നു പറഞ്ഞു അവളോടു കോപിച്ചു. "മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നേ" (സങ്കീ. 127:3). ഗർഭപാത്രം അടയ്ക്കുന്നതും തുറക്കുന്നതും ദൈവമാണെന്ന് ഈ വേദഭാഗങ്ങളിലൂടെ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നു. ഇന്നു നമുക്കു ചുറ്റും അനേകം ദമ്പതിമാർ മക്കളില്ലാതെ വേദനയോടെ കഴിയുന്നുണ്ട്. വിവാഹശേഷം പല ഭൗതിക നേട്ടങ്ങൾക്കുവേണ്ടി ദൈവം തരാൻ ആഗ്രഹിക്കുന്ന കുഞ്ഞുങ്ങളെ ഇപ്പോൾ വേണ്ട എന്നു പറഞ്ഞുകൊണ്ട് മാറ്റി വയ്ക്കുന്നു. പിന്നീട് കുഞ്ഞുങ്ങൾക്കുവേണ്ടി കരഞ്ഞപേക്ഷിക്കുന്നു. നമ്മുടെ സമയമല്ല ദൈവത്തിന്റെ സമയം എന്നു നാം ഓർക്കണം. ദൈവമേ നിന്റെ ഹിതം എന്നിൽ നിറവേറ്റേണമേ എന്ന പ്രാർത്ഥനയോടെ ജീവിതം ആരംഭിക്കുമ്പോൾ ദൈവത്തിന്റെ സമയത്ത് ദൈവഹിതപ്രകാരം തലമുറകളെ നല്കി കുടുംബജീവിതം അനുഗ്രഹിക്കപ്പെടുകയും മക്കളുടെ അനുഗ്രഹജീവിതം കണ്ടുകൊണ്ട് മാതാപിതാക്കൾക്ക് ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടവരുത്തുകയും ചെയ്യും.

റാഹേൽ കുഞ്ഞുങ്ങൾക്കുവേണ്ടി ഏറെനാൾ കാത്തിരുന്നെങ്കിലും യഹോവ അവളെ ഓർത്തു. അപേക്ഷ കേട്ടു. അവളുടെ ഗർഭത്തെ തുറന്നു. അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ദൈവം എന്റെ നിന്ദ നീക്കി ഇനിയും എനിക്കു ഒരു മകനെ കൂടി നല്കും എന്നു പറഞ്ഞു യോസേഫ് എന്നു പേർ വിളിച്ചു.

*ശേഷം 15-ാം പേജിൽ കാണുക*

# സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ

വിദ്യാ ബാബു, തിരുവനന്തപുരം



പണ്ടുകാലത്ത് എല്ലാവരും കൂടുതൽ സമയവും കൃഷിസ്ഥലങ്ങളിൽ ചെലവിട്ടിരുന്നു. കുടുംബത്തിലെ എല്ലാവരും കൃഷിതൽപരരായിരുന്നു. സമാധാനവും സ്വസ്ഥതയും ഉള്ള കുടുംബജീവിതം അവർക്കുണ്ടായിരുന്നു. എല്ലാ കുടുംബങ്ങളിലും പ്രാർത്ഥന ഉണ്ടായിരുന്നു. അവർ ദൈവത്തെ ഭയപ്പെട്ടിരുന്നു. കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മുത്തച്ഛനും മുത്തശ്ശിയും ഇടപെട്ട് കാര്യം തീർപ്പിക്കുമായിരുന്നു.

ഇന്ന് എല്ലാറ്റിന്റെയും താളംതെറ്റി ദൈവകോപത്താൽ പ്രകൃതി തന്നെ പ്രതികൂലമായിരിക്കുന്നു. കാലാവസ്ഥ അനുകൂലമല്ല. തങ്ങളുടെ കൃഷിയിൽനിന്ന് ഉദ്ദേശിക്കുന്ന വിളവ് ലഭിക്കുന്നില്ല. മഴ എല്ലാം തകർത്ത് എറിയുന്ന മലയോരഗ്രാമങ്ങൾ ഇതുമൂലം നിത്യദുരിതത്തിൽ ആയിരിക്കുന്നു. നെയ്ത് കൂട്ടുന്ന സ്വപ്നങ്ങൾ എല്ലാം ഒരു നിമിഷം കൊണ്ട് ചില്ലുകൊട്ടാരംപോലെ തകർന്നു വീഴുന്നു. നോക്കിനില്ക്കുമ്പോൾ തന്നെ കാല്ചുവട്ടിലെ മണ്ണ് മാറിപ്പോകുന്നു. ദുരിതത്തിൽ അകപ്പെട്ടവരുടെ “രക്ഷിക്കണേ” ‘‘രക്ഷിക്കണേ’’ എന്നുള്ള നിലവിളികൾ കേൾക്കുന്നു. എല്ലാറ്റിനും കാരണം മനുഷ്യന്റെ ദുഷ്ടത തന്നെ.

യെശയ്യാവ് 51-ന്റെ 6-ൽ പറയുന്നത് ‘‘നിങ്ങളുടെ കണ്ണ് ആകാശത്തിലേക്കു ഉയർത്തുവിൻ; താഴെ ഭൂമിയെ നോക്കുവിൻ; ആകാശം പുകപോലെ പൊയ്പോകും; ഭൂമി വസ്ത്രംപോലെ പഴകും; അതിലെ നിവാസികൾ കൊതുകുപോലെ ചത്തുപോകും”. സത്യം പറഞ്ഞാൽ അതുതന്നെയല്ലേ നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്? ഇന്നത്തെ മനുഷ്യർക്ക് ദൈവത്തെ വേണ്ടാ. യോഹന്നാൻ 15 ന്റെ 6 ൽ പറയുന്നു ‘‘എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല” എന്ന്. എങ്കിലും അവർ ദൈവത്തെ കൈക്കൊള്ളുന്നില്ല.

ആശുപത്രികളിൽപോയി എത്ര സമയം വേണമെങ്കിലും കാത്തിരിക്കും. എത്ര പണം വേണമെങ്കിലും ചെലവഴിക്കും. എന്നാൽ ആരാധനസ്ഥലങ്ങളിൽ പോകുകയോ, ദൈവത്തെ ആരാധിക്കുകയോ, ദശാംശം കൊടുക്കുകയോ ചെയ്യാറില്ല. മനുഷ്യൻ ദൈവത്തെ ദശാംശത്തിലും വഴിപാടിലും തോല്പ്പിക്കുന്നു എന്ന് മലാഖി 3:8-ൽ പറയുന്നു. ലോഭമായി വിതയ്ക്കുന്നവന് ലോഭമായി കിട്ടും. അധികമായി വിതയ്ക്കുന്നവന് അധികമായി കിട്ടും എന്ന് വചനം ഓർപ്പിക്കുന്നു.

പണ്ടുകാലത്തെ അപേക്ഷിച്ച് പുതിയ തലമുറകൾക്ക് ദൈവം എല്ലാനന്മകളും അനുഗ്രഹങ്ങളും നല്കി. കൂട്ടുകുടുംബങ്ങൾ മാറി അണു കുടുംബങ്ങൾ നിലവിൽ വന്നു. മനുഷ്യർ സ്വാർത്ഥരായിത്തീർന്നു. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും ആയി (2 തിമൊത്തി 3:2). മക്കളെ ബാലശിക്ഷ നല്കി അവർ വളർത്തിയില്ല. വടികൊണ്ടടിച്ചാൽ ബാലൻ ചത്തുപോകയില്ല എന്ന വചനത്തിന് അവർ ചെവികൊടുത്തില്ല. മക്കളെ തന്നിഷ്ടത്തിന് വളർത്തി. ടി.വി.യും മൊബൈൽ ഫോണും, ഇന്റർനെറ്റും തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഇന്നത്തെ ലോകത്തിന് ആവശ്യമായിരിക്കുന്നു. എന്നാൽ

അത് ഇന്നത്തെ തലമുറകൾക്ക് കെണിയായും തീർന്നിരിക്കുന്നു. പക്ഷി ജീവഹാനിക്കുള്ള തെന്നറിയാതെ കെണിയിലേക്ക് ബദ്ധപ്പെടുന്നതുപോലെ (സദൃശ. 7:23) നമ്മുടെ മക്കൾ നെറ്റിൽകുരുങ്ങി നശിച്ചുകൊണ്ടിരിക്കുന്നു. ആരെയും ഭയപ്പെടാത്ത ഒരു തലമുറ. ദൈവത്തെ മറക്കുന്നവരെ കീറിക്കളയും എന്ന് 50-ാം സങ്കീർത്തനം 22-ാം വാക്യം പറയുന്നു. ഈ അടുത്തകാലത്ത് ഒരു പിതാവിനുണ്ടായ ദുരനുഭവം ചുവടെ ചേർക്കുന്നു. മകൻ +2 വിന് എല്ലാവിഷയത്തിനും എ+ നേടി. അതിന്റെ സന്തോഷംകാണിച്ചത് ഒരു പുതിയ ബൈക്ക് വാങ്ങി നല്കിക്കൊണ്ടായിരുന്നു. അവസാനം അത് ഒരു അപകടത്തിലേക്കും മരണത്തിലേക്കുമായി ആ സന്തോഷം മാറി. പിതാവിനോട് എന്തിനാണ് ഇത്ര ചെറു പ്രായത്തിൽ ഈ വാഹനം വാങ്ങികൊടുത്തത് എന്ന് ചോദിച്ചപ്പോൾ, ഞാൻ ഒരു സാധാരണ കൂലിപ്പണിക്കാരനാണ്, എനിക്ക് വിദ്യാഭ്യാസ മില്ല, ഞാൻ ജീവിതത്തിൽ വളരെ കഷ്ടങ്ങളി ലൂടെ കടന്നുപോയി, എന്റെ മക്കൾ ആ സങ്കടം അറിയരുത്. അവർ സമൂഹത്തിലെ ഉന്നതന്മാരുടെ മക്കളെപ്പോലെ ആകണം അവർക്ക് ഒന്നിനും കുറവുണ്ടാകരുത്. അതുകൊണ്ട് ബാങ്കിൽ നിന്നും ലോൺ എടുത്താണ് ഞാൻ ഇത് വാങ്ങി നല്കിയത് എന്ന് പറയുവാനിടയായി. ഇത് ഒരു കെട്ടുകഥയല്ല സംഭവകഥയാണ്. ഇതു പോലുള്ള അനേകം പിതാക്കന്മാർ ഇന്ന് ഈ സമൂഹത്തിലുണ്ട്. ഈ സമയം ബൈക്ക് വാങ്ങിക്കൊടുത്ത അവസരത്തിൽ അവർക്ക് ദൈവത്തെ കൊടുത്തിരുന്നു എങ്കിൽ ഈ കുടുംബം ദുഃഖത്തിൽ ആകുമായിരുന്നില്ല. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്ന് ഞാൻ നിന്നോട് കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ച് കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം (ആവർത്തനം 6:5-7). ഇന്നത്തെ തിരക്കു പിടിച്ച ജീവിതത്തിൽ മാതാപിതാക്കൾക്ക് മക്കളോട് സംസാരിക്കാൻ സമയമില്ല, അവരോട് ഒരുമിച്ച് ആഹാരം കഴിക്കാൻ മനസ്സില്ല. അവരുടെ സങ്കടങ്ങൾ ചോദിച്ച് മനസ്സിലാക്കി അവരെ നേർവഴിക്ക് നടത്താൻ സാധിക്കുന്നില്ല. അവസാനം എല്ലാം കൈവിട്ടു പോകുമ്പോഴാണ് അവർക്ക് സുബോധം ഉണ്ടാകുന്നത്. ലൂക്കൊസ് 15-ലെ ധൂർത്ത്പുത്രന്റെ ഉപമയിലൂടെ 2 മക്കളുള്ള ഒരു പിതാവിന്റെ അവസ്ഥ നാം കാണുന്നു. ഏത് വിധേനയും സമ്പത്തുണ്ടാക്കണം എന്ന ചിന്തയല്ലാതെ ഒന്നുമില്ല. വചനം പറയുന്നു ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകുന്നു (1തിമൊ.6:10). ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടു വന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല (1തിമൊ.6:7). ദൈവം ഒരു മനുഷ്യന്നു ധനവും ഐശ്വര്യവും മാനവും നല്കുന്നു; അവൻ ആഗ്രഹിക്കുന്നതിന്നു ഒന്നിന്നും അവന്നു കുറവില്ല; എങ്കിലും അതു അനുഭവിപ്പാൻ ദൈവം അവന്നു അധികാരം കൊടുക്കുന്നില്ല; ഒരു അന്യനത്രേ അതു അനുഭവിക്കുന്നതു; (സഭാ പ്രസംഗി 6:2). ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ (എഫെസ്യർ 5:16).

ഈ കാര്യങ്ങൾ എല്ലാം വചനത്തിൽ വ്യക്തമായി ദൈവം നമ്മോട് അറിയിക്കുന്നു. എങ്കിലും ദൈവത്തിന്റെ വചനത്തിന് മനംതിരിയാതെ മനുഷ്യൻ ലോകമോഹങ്ങളിലേക്ക് ഓടിക്കൊണ്ടിരിക്കുന്നു. ഈ കാണുന്നത് ഒന്നും ആരുടെയും സ്വന്തമല്ല എന്നറിഞ്ഞിട്ടും മനുഷ്യൻ നെട്ടോട്ടം ഓടുന്നു. വിവാഹബന്ധങ്ങൾക്ക് ആയുസ്സ് കുറഞ്ഞു കൊണ്ടിരിക്കുന്നു. വൃദ്ധമാതാപിതാക്കളെ നോക്കാതെ അവർ വേദനയോടെ വൃദ്ധസദന

ങ്ങളിൽ അഭയം പ്രാപിച്ചുകൊണ്ടിരിക്കുന്നു. മാരകമായരോഗങ്ങൾ നിമിത്തം പലരും ജീവിതത്തിൽ പതറിപ്പോകുന്നു.

ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ളലോകം ജലപ്രളയത്തിൽ മുങ്ങിനശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്ക് കാത്തും ഇരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു (2 പത്രൊസ് 3:5-7). ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല (2 പത്രൊസ് 3:9). നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്ന് വിചാരിപ്പിൻ (2 പത്രൊസ് 3:15). വരുവാനുള്ളവൻ വരും താമസിക്കയില്ല. അന്ത്യന്യായവിധി നടപ്പാക്കുവാൻ സ്വർഗ്ഗം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ഒരുങ്ങിയോ? നാം ദൈവത്തെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കണം. നാം നമ്മിലുള്ള ജഡസ്വഭാവങ്ങളെ വിട്ട് ആത്മസ്വഭാവം ഉള്ളവരായിത്തീരണം. (ഗലാത്യർ 5:19,22).

ജഡാഭിലാഷം ആത്മാവിന്നും ആത്മാഭിലാഷം ജഡത്തിന്നും വിരോധമായിരിക്കുന്നു. നാം നമ്മുടെ പാപങ്ങളെ യേശുകർത്താവിനോട് ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിക്കണം, വീണ്ടും പാപം ചെയ്യാതിരിക്കുകയും വേണം. ''യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9). രക്ഷിക്കപ്പെട്ടവർ ഉണർന്നും, പ്രാർത്ഥിച്ചും, കർത്താവിന് പാടിയും, സങ്കീർത്തനങ്ങളാലും, സ്തുതികളാലും ദൈവത്തെ ആരാധിച്ച് മഹത്ത്വപ്പെടുത്തിയും കർത്താവിന്റെ വരവിനായി കാത്തിരിക്കാം. നമ്മുടെ കർത്താവ് വേഗം വരും.

❑

---

*12- ാം പേജ് തുടർച്ച... (ഭർത്താവിനാൽ.....)*

പദ്ദൻ-അരാമിൽ നിന്നും കനാൻ ദേശത്ത് തന്റെ അപ്പനായ യിസ്ഹാക്കിന്റെ അടുക്കൽ പോകുവാൻ പുറപ്പെട്ടു. ലാബാനെ ഒളിച്ചു തനിക്കുള്ള സകലവുമായി ഓടിപ്പോയപ്പോൾ റാഹേൽ തന്റെ അപ്പന്റെ ഗൃഹവിഗ്രഹങ്ങളെ മോഷ്ടിച്ചിരുന്നു. ലാബാൻ അവരെ പിന്തുടർന്നു പിടിച്ചു. ഗൃഹവിഗ്രഹങ്ങൾക്കായി പരിശോധിച്ചപ്പോൾ റാഹേൽ തന്ത്രപൂർവ്വം അത് മറച്ചുവച്ചു. ഡംഭം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു (സദൃശ 8:13). യാത്രാമദ്ധ്യേ എഫ്രാത്തയിൽ എത്തുവാൻ അല്പം ദൂരം മാത്രമുള്ളപ്പോൾ അവൾ കഠിനവേദനയോടെ ബെന്യാമീനെ പ്രസവിക്കുകയും അവിടെ വച്ച് മരിക്കുകയും ചെയ്തു. അവളെ ബേത്ത്ലഹേം എന്ന എഫ്രാത്തിനു പോകുന്ന വഴിയിൽ അടക്കം ചെയ്തു. യാക്കോബിന്റെ ഇഷ്ടഭാര്യയായി ജീവിച്ചെങ്കിലും ഭർത്താവിന്റെ ദേശമായ കനാനിൽ എത്തുവാനോ അവന്റെ കുടുംബത്തിൽ വസിക്കുവാനോ അവൾക്കു ഭാഗ്യമുണ്ടായില്ല.

എന്നാൽ കരുണാമയനായ ദൈവം റാഹേലിനെയും ലേയയെയും ഒരുപോലെ മാനിച്ചു. പിൽക്കാലത്ത് യിസ്രായേലിൽ അവരുടെ പേർ ചൊല്ലി സ്ത്രീകളെ അനുഗ്രഹിക്കുന്ന പതിവ് നിലനിന്നിരുന്നതായി വേദപുസ്തകത്തിൽ കാണുന്നു (രൂത്ത് 4:11). ലേയയുടെയും റാഹേലിന്റെയും ജീവിതം സഹോദരിമാരായ നമുക്കു നല്ലൊരു മാതൃകയാണ്. നമുക്കു നല്ല അംശം തിരഞ്ഞെടുത്തു ക്ഷമയോടും സഹനത്തോടും നമ്മളെ കർത്താവു ആക്കിവച്ചിരിക്കുന്ന സ്ഥാനത്ത് മക്കൾക്ക് മാതൃകയുള്ളവരായി ജീവിക്കുവാൻ സർവ്വ കൃപാലുവായ ദൈവം നമ്മളെ സഹായിക്കുമാറാകട്ടെ.

ദൈവനാമം മഹത്ത്വപ്പെടുമാറാകട്ടെ

❑

# ഇമ്മാനുവേൽ - ദൈവം നമ്മോടുകൂടെ

മേരി അഞ്ചൻ, തുംകൂർ



കഴിഞ്ഞവർഷത്തെ ക്രിസ്മസ് ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. സമ്മാനങ്ങൾക്കും ആഘോഷങ്ങൾക്കുമായി കടമെടുത്ത പണം ഇനിയും വേണം അടച്ചു തുടങ്ങാൻ. അവരവരുടെ സാമ്പത്തികശേഷി അനുസരിച്ചും അതിലപ്പുറവും വിലപിടിപ്പുള്ള സമ്മാനങ്ങൾ ഇതിനകം മെയിൽ ഓർഡർ (mail order) മൂലവും, കടകളിൽ നിന്ന് നേരിട്ടും സംഭരിക്കുന്നതിൽ അനേകരും ബദ്ധശ്രദ്ധരായിരുന്നു. പുതിയ പുതിയ പാചകവിധികളുടെ ആവിർഭാവത്തോടെ ക്രിസ്മസ് ഡിന്നറിന്റെ വിഭവങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, ആരുടെ പേരിലാണോ മനുഷ്യർ ഇവയെല്ലാം കാട്ടിക്കൂട്ടുന്നത്. ആ വ്യക്തി എന്തിനായിട്ടാണ് ഈ ഭൂമിയിൽ ജനിച്ചത് എന്നോർക്കാൻ പോലും അനേകർക്കും സമയമില്ല. 'സാന്റാക്ലോസി'നുള്ള സ്ഥാനംപോലും ക്രിസ്തുവിനു കൊടുക്കാത്ത എത്രയോ "ക്രിസ്ത്യാനി"കളുണ്ട്!!! ചുരുക്കം ചില വർഷങ്ങളായി "മിസ്സിസ്സ് സാന്റാക്ലോസും" രംഗപ്രവേശം ചെയ്തിരിക്കയാണ്. ഈ ദുഷ്പ്രവണത എവിടെ അവസാനിക്കുമോ എന്തോ!

ക്രിസ്തു ജനിച്ച ദിവസമെന്ന് പരിഗണിക്കപ്പെടുന്ന ഡിസംബർ 25-ന് 'ക്രിസ്മസ്' എന്നു പറയുന്നു. ഈ ലോകത്തിൽ ഒരു മനുഷ്യനും ഒരു ഉദ്ദേശസാഫല്യത്തിനായി ജനിച്ചിട്ടില്ല. ജനനവും മരണവും ദൈവനിശ്ചയമാണ്. എന്നാൽ ശ്രീയേശുക്രിസ്തു ഭൂജാതനായത് ഒരു ഉദ്ദേശ്യ നിർവഹണത്തിനാണ്. വിശുദ്ധ വേദപുസ്തകത്തിലെ ഒന്നാമത്തെ പുസ്തകമായ ഉത്പത്തി അദ്ധ്യായം 3, വാക്യം 15 നിറവേറ്റാനാണ് ക്രിസ്തു ജനിച്ചത്. ദൈവം ആദിമനുഷ്യനെയും സ്ത്രീയെയും നിഷ്പാപാവസ്ഥയിൽ നിർമ്മിച്ചു. പരിശുദ്ധനായ ദൈവവുമായി നിരന്തരം കൂട്ടായ്മ പാലിക്കുവാൻ അവർക്ക് അവകാശവും അവസരവും നല്കി. എന്നാൽ സാത്താന്റെ ദുഷ്പ്രേരണയ്ക്ക് വശംവദരായ ആ ദമ്പതികൾ പാപം ചെയ്ത് ദൈവസംസർഗ്ഗത്തിൽ നിന്നു അകല്ച്ച സംഭവിച്ചു. ദൈവം തന്റെ മഹാസ്നേഹം നിമിത്തം, അവരെ നിത്യ ദണ്ഡനത്തിനായി പുറം തള്ളാതെ, തന്നോടു നിരപ്പു പ്രാപിക്കേണ്ടതിന് ചില വ്യവസ്ഥകളുണ്ടാക്കി. അങ്ങനെ വാഗ്ദത്തത്തോടുകൂടിയ ഒരു പ്രവചനമാണ് 3:15ൽ കാണുന്നത്. ഇതിലേക്ക് പാപരഹിതനായ ഒരു വ്യക്തിയുടെ മദ്ധ്യസ്ഥത ആവശ്യമാണ്. ആയതിലേക്ക് യേശുക്രിസ്തു ഭൂജാതനായി. പഴയനിയമത്തിൽ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ അവതാരത്തിനായി ദൈവം തിരഞ്ഞെടുത്ത 'യെഹൂദവംശ'ത്തിന്റെ ചരിത്രമാണ് നാം കാണുന്നത്. കാലസമ്പൂർണ്ണതയിൽ അവൻ യഹൂദവംശത്തിലെ ഒരു കന്യകയിൽ ബേത്‌ലഹേം പുരിയിൽ ഭൂജാതനായത് പുതിയനിയമത്തിന്റെ ആരംഭത്തിൽ വായിക്കുന്നു. 700 വർഷങ്ങൾക്കു മുമ്പ് യെശയ്യാ പ്രവാചകൻ ഈ ശിശുവിനെക്കുറിച്ച്, "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവേൽ എന്നു പേർവിളിക്കും" എന്ന് പ്രവചിച്ചിരുന്നത് മത്തായി 1:21-22ൽ നിവൃത്തിയായി. സകല ലോകത്തിന്റെയും പാപപരിഹാരത്തിനായി പാപഭാരം വഹിച്ചുകൊണ്ട് ക്രൂശിൽ തന്റെ ജീവനെ യാഗമായി അർപ്പിക്കുവാൻ ദൈവം ലോകസ്ഥാപനത്തിനു മുമ്പേ തന്നെ നിയോഗിച്ചിരുന്ന പാപരഹിതനായ യേശുക്രിസ്തു ഇവൻ തന്നെ!

പഴയനിയമകാലത്തു ദൈവം പ്രവാചകന്മാർ മുഖാന്തരം മനുഷ്യർക്ക് ദൂതുകൾ നല്കിപ്പോന്നു; എന്നാൽ യേശുവിന്റെ ജനനത്തോടെ ദൈവം നമ്മോടുകൂടെ വസിക്കേണ്ടതിന് ജഡമായിത്തീർന്നു. "ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു". "സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പുരു

ഷാരത്തെ പഠിപ്പിക്കുകയും, രോഗികളെ സൗഖ്യമാക്കുകയും തന്റെ ദൈവികശക്തി യാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഒരു സദ്ഗുരുവായി ലോക ത്തിൽ ജീവിച്ച്, ശേഷം മനുഷ്യരെപ്പോലെ മരിക്കുകയും, തദനന്തരം തന്റെ അനുഗാമികൾ ഗുരുവിന്റെ പേരിൽ ഒരു മതം സ്ഥാപിക്കുകയും ചെയ്യേണ്ടതിനല്ല ദൈവപുത്രനായ ഇമ്മാനു വേൽ നരാവതാരം ചെയ്തത്. പിന്നെയോ, പിതാ വായ ദൈവത്തിന്റെ ആ നിസ്തുല്യമായ "വീണ്ടെടുപ്പ്" (redemption) എന്ന പരിപാടി നിവർത്തിക്കുവാനായിരുന്നു.

ചരിത്രത്തിലെ സുപ്രധാനമായ സംഭവം ആണ് യേശുക്രിസ്തുവിന്റെ ജനനം. സ്വർഗ്ഗത്തിൽ നിന്ന് ദൂതൻ ആട്ടിടയർക്ക് ദിവ്യ സന്ദേശം നല്കി; സ്വർഗ്ഗീയസൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തി; ഒരു ദിവ്യതാരകം ആകാശത്തിൽ ഉദിച്ചുയർന്ന്, കിഴക്കേ ദേശത്തെ വിദ്വാന്മാർക്ക് ഒരു ശിശു യെഹൂദന്മാരുടെ രാജാവായി പിറന്നു എന്ന സന്ദേശം അറിയിച്ചു. നിസ്സീമവും അനന്യസാധാരണവുമായ ഒരു ജനനം!

പാപത്തിന്റെ ഭയങ്കരമായ ന്യായവിധി യിൽ നിന്നു നമ്മെ രക്ഷിക്കാൻ ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചതിനാൽ പിതാവിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായിരിക്കുന്നു.

പുത്രൻ നമുക്കുവേണ്ടി തന്റെ പ്രാണനെ അർപ്പിച്ചതിനാൽ അവന് നമ്മോടുള്ള സ്നേഹം വ്യക്തമാക്കിയിരിക്കുന്നു. ഈ മഹാത്യാഗ ത്താൽ നമ്മെ പാപത്തിൽ നിന്ന് വിടുവിച്ച് പിതാവായ ദൈവത്തോടു നിരപ്പിച്ചിരിക്കുന്നു (reconciled). "നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമു ക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമ. 5:7-8). അവൻ മരിച്ചു എന്നതുമാത്രമല്ല, പിശാചിനും മരണത്തിനും അവനെ കീഴടക്കു വാൻ സാധിക്കാതെ മൂന്നാംനാൾ ഉയിർത്തെ ഴുന്നേറ്റ് അവൻ സദാ ജീവിക്കുന്നു. ഈ പുനരു ത്ഥാനസന്ദേശമാണ് ക്രിസ്തീയ വിശ്വാ സത്തിന്റെ അടിസ്ഥാനം. ഈ സത്യം വിശ്വ സിച്ച് ക്രിസ്തുവിനെ നമ്മുടെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ചാൽ നാം രക്ഷിക്കപ്പെടും.

ഇതുവരെയും ക്രിസ്തുവിനെ സ്വീക രിച്ചിട്ടില്ലാത്തവർ നിങ്ങളുടെ ഹൃദയകവാട ങ്ങൾ തുറന്ന് ക്രിസ്തുവിനെ പ്രവേശിപ്പിക്കൂ. പുല്ക്കൂട്ടിലെ ജനനാഘോഷങ്ങളിൽ സംതൃ പ്തി നേടാൻ ശ്രമിക്കാതെ ക്രിസ്തു നിങ്ങ ളുടെ ഹൃദയങ്ങളിൽ ജനിക്കുവാൻ ഇടയാകട്ടെ. ക്രിസ്തുവിനുള്ളവരായി 'ക്രിസ്മസ്' ആഘോ ഷിക്കുവാൻ കർത്താവായ ദൈവം കൃപനല്കട്ടെ. ❑

## എൽ. സാം നിത്യതയിൽ

**ക്രൈസ്**തവസാഹിത്യകാരനും വിവർത്തകനുമായ ശ്രീ എൽ. സാം (82) 2018 ഡിസംബർ 3 തിങ്കളാഴ്ച പുലർച്ചെ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ ഡിസംബർ 7 ന് വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ പ്ലാമൂട് എ.ജി. ഇവാഞ്ജലിസ്റ്റിക് സെന്ററിൽ ആരംഭിച്ച് 11.30 ന് മലമുകൾ എ.ജി. സെമിത്തേരിയിൽ സംസ്കരിച്ചു.

ഗുഡ് ന്യൂസ് മിനിസ്ട്രീസുമായി വളരെ അടുത്ത ആത്മബന്ധമുണ്ടായിരുന്ന ഒരു വ്യക്തിയാ യിരുന്നു എൽ. സാം സാർ. 'ഗുഡ് ന്യൂസ് അപ്ഡേറ്റ്' മാസികയുടെ ആദ്യകാല എഴുത്തുകാരിൽ ഒരു സ്ഥിരം എഴുത്തുകാരനായിരുന്നു പ്രിയ സാം സാർ. താൻ എഴുതിയിരുന്ന ഈടുറ്റലേഖന ങ്ങൾ അനുവാചക ഹൃദയങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിച്ചിരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല. സമർപ്പണവും, എളിമയും സൗമ്യതയുമുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹ ത്തിന്റെ മക്കൾ വർഷങ്ങൾക്കു മുമ്പ് ഗുഡ് ന്യൂസിന്റെ വി.ബി. എസ്സിൽ പങ്കെടുത്തിട്ടുണ്ട്.

കേരള പബ്ളിക് സർവീസ് കമ്മീഷനിൽ ഉയർന്ന ഉദ്യോഗസ്ഥനായി വിരമിച്ച അദ്ദേഹം ക്രൈസ്തവമദ്ധ്യത്തിൽ അറിയപ്പെടുന്ന ഒരു എഴുത്തുകാരനാണ്. വിദേശമിഷനറിമാർക്ക് വേണ്ടി പരിഭാഷ നടത്തുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ അധ്യാപികയായി വിരമിച്ച ശ്രീമതി മേരി സാമാണ് സഹധർമ്മിണി. മക്കൾ: ഡൈറ്റ്, ബ്രൈറ്റ്, ഡിലൈറ്റ്. മരുമക്കൾ: ലിസ, ബീന.

# വന്ന വഴികൾ മറക്കരുത്

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം



മനുഷ്യസൃഷ്ടിയിൽ സർവ്വജ്ഞാനിയായ ദൈവം ചില വിശേഷാൽ സ്വഭാവങ്ങൾ നല്കിയിട്ടുണ്ട്. ഓർമ്മ, മറവി, ഇവ രണ്ടും മനുഷ്യന് ഏറ്റവും ആവശ്യവും ജീവിതത്തിൽ തുടർന്ന് ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ചില കാര്യങ്ങൾ എപ്പോഴും ഓർക്കുന്നതും വിസ്മരിക്കാൻ കഴിയാത്തതും ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണ്. നാം അധികം സ്നേഹിക്കുന്നവരുടെ മരണത്താലുള്ള വേർപാട് വളരെ വേദനാജനകമാണ്. അതു എപ്പോഴും ഓർമ്മയുടെ പടവുകളിൽ തങ്ങിനിന്നാൽ കണ്ണീർ തോരുകയില്ല. അപ്പോൾ മറവി ഒരു അനുഗ്രഹമായി തോന്നും. അതേ സമയം മറവി ഒരു ശാപമായും അനുഭവപ്പെടും. പ്രായാധികൃത്തിൽ മറവി ഒരു ബേജാറാണ്. അതിനാൽ മറവിയും ഓർമ്മയും ഒരു അനുഗ്രഹവും ശാപവുമാണ്.

എബ്രായ ലേഖനത്തിൽ ഒരു വാക്യം ഇപ്രകാരമുണ്ട്. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ (എബ്രാ. 13:7). ഇതിനേക്കാൾ പ്രാധാന്യമുള്ള ഓർമ്മയുടെ പടവുകൾ തിരുവചനത്തിൽ ധാരാളം ഉണ്ട്. 1 കൊരി. 11:25 ൽ തിരുവത്താഴത്തിലെ അപ്പം കർത്താവിന്റെ ശരീരത്തെയും പാനപാത്രം നമ്മെ ശുദ്ധീകരിക്കുന്ന കർത്താവിന്റെ വിലയേറിയ രക്തത്തിന്റെ ഓർമ്മയേയും ഉണർത്തുന്നതാണ്. നമ്മുടെ വീണ്ടെടുപ്പിനായി നമുക്ക് പ്രതിപകരമായി മരിച്ച കർത്താവിന്റെ മരണത്തെ ഓർക്കുന്ന ശുശ്രൂഷ എല്പിച്ചു തന്നത് കർത്താവു തന്നെയാണ്. കർത്താവ് പ്രത്യാഗമനം ചെയ്യുവോളം അവന്റെ ഓർമ്മയായി കല്പിച്ചിരിക്കുന്ന സ്മാരക ശുശ്രൂഷയാണിത്. ഇങ്ങനെ തിരുവചനത്തിൽ നമ്മുടെ സ്മരണ നിലനിർത്തുന്നതിനായി വിവിധ കാര്യങ്ങൾ കാണപ്പെടുന്നുണ്ട്.

ദൈവസഭയിൽ നടത്തുന്നവരും നടക്കുന്നവരും ഉണ്ട്. ദൈവവചനശുശ്രൂഷയിലൂടെ നമ്മെ ആത്മീയമായി പരിശീലിപ്പിച്ച് അതിൽ വളർത്തുന്നവരുണ്ട്. വചന പരിജ്ഞാനത്തിൽ എത്തിച്ച് ശുശ്രൂഷകൾക്ക് കൃപാവരവും പരിജ്ഞാനവും നല്കുന്ന നടത്തുന്നവരുമുണ്ട്. ഈ ആത്മികശിക്ഷണത്തിന് കാരണമായവരെ വിസ്മരിച്ചു കളയുന്നവർ അനവധിയാണ്. സാധാരണവുമാണ്. അതിനാലാണ് എബ്രായ ലേഖനത്തിൽ (13:7) പൗലൊസ് ഈ വാക്യം എഴുതിയിരിക്കുന്നത്. എന്നാൽ ആത്മീയതയിൽ വളർത്തിയവരേ ഓർക്കുകയോ അവരേ അറിയുകയോ ചെയ്യാത്തവർ അനവധിയാണ്. ചിലപ്പോൾ നടത്തിയവരേക്കാൾ നടന്നവർ പരിജ്ഞാനമോ പ്രസംഗ ചാതുര്യം കൂടിയവരോ ആകാം. എങ്ങനെ ആയാലും നമ്മെ അപ്രകാരം നടത്തിയ ആത്മീയ പിതാക്കന്മാരെ വിസ്മരിക്കാൻ പാടില്ല. മാത്രമല്ല, അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുകയും വേണം. ദൈവസഭകളിൽ പിൻതലമുറയേ വിത്തും വളവും നല്കി ഫലവത്തായി വളർത്തിയവർ അനവധിയുണ്ട്. വാമൊഴിയിലും, വരമൊഴിയിലും ഈ ശുശ്രൂഷ നിർവ്വഹിച്ചവരേ ഒരിക്കലും വിസ്മരിക്കരുത്. പാലം കടക്കുവോളം നാരായണ, നാരായണ; പാലം കടന്നാൽ കൂരായണ എന്ന പഴമൊഴി പോലെ. നമ്മുടെ മറവിയെ നമ്മുടെ തൻപോരിമ വിസ്മരണത്തിലേക്ക് നടത്തിയിരിക്കുന്നു. സ്മരണയുടെ തലത്തിലേക്ക് ഒരു ആത്മപരിശോധന അനിവാര്യമാണ്.

അപ്പൊസ്തലനായ പൗലൊസ് തന്നെ ഏല്പ്പിച്ച ശുശ്രൂഷയുടെ നിവർത്തനം വിവരിച്ചിരിക്കുന്നത് അപ്പൊസ്തല പ്രവൃത്തിയിലുണ്ട്. അപ്പൊ. പ്ര. 20:31 നോക്കുക. കടിച്ചുകീറുന്ന ചെന്നായ്ക്കൾ ദൈവസഭയിൽ പിൻവാതിലിലൂടെ ഉൾപ്രവേശിക്കുമെന്ന് അറിഞ്ഞ് ഉണർന്നിരിപ്പിൻ. ഞാൻ മൂന്നു വർഷം രാപ്പകൽ വിശ്രമംകൂടാതെ കണ്ണുനീർ വാർത്ത് ഓരോരുത്തർക്കും ബുദ്ധിപറഞ്ഞു തന്നത് ഓർത്തുകൊൾവിൻ. എബ്രായലേഖനത്തിലും ഈ കാര്യം ആവർത്തിച്ചിരിക്കുന്നു. വിശ്വാസികൾ നസ്രായനായ യേശുവിൽ വിശ്വസിച്ച് വന്ന നാളുകളെ പിൻചെന്ന വഴികളെ തിരിഞ്ഞു നോക്കണം. നമ്മെ വിശ്വാസത്തിൽ നിലനിർത്താനും വളർത്താനും അദ്ധ്വാനിച്ചവരേ ഓർക്കണം. അവരുടെ വിശ്വാസം അനുകരിക്കണം. ദൈവഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാണ്.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരത്തിനടുത്ത് ആറാമട എന്ന സ്ഥലത്ത് സുവിശേഷത്തിന്റെ വിത്ത് വിതച്ച് അനേകരെ ദൈവകൃപയിലേക്ക് നടത്തിയ ഒരു സാധാരണ പാവപ്പെട്ട ഒരു വല്യമ്മച്ചി ഉണ്ടായിരുന്നു. പല വർഷങ്ങൾക്കു മുമ്പ് മഹത്ത്വത്തിലേക്ക് ചേർക്കപ്പെട്ട ആ അമ്മച്ചിയെ വിസ്മരിക്കാൻ എനിക്ക് കഴിയില്ല. അവരുടെ ശവസംസ്കാര ശുശ്രൂഷയുടെ ചുക്കാൻ പിടിച്ചിരുന്നത് ഈ എളിയവനായിരുന്നു. വലിയ ഒരു ജനക്കൂട്ടം സമീപ പ്രദേശങ്ങളിൽ നിന്നും മരണശുശ്രൂഷയ്ക്ക് കടന്നുവന്നിരുന്നു. അവർക്കെല്ലാം അപ്പിയമ്മച്ചിയെക്കുറിച്ച് മറക്കാൻ വയ്യാത്ത ഓർമ്മയുണ്ട്. അവസരം ലഭിച്ചവരും ലഭിക്കാത്തവരുമായി ഈ അപ്പിയമ്മഅമ്മച്ചി മൂലമാണ് രക്ഷകനായ കർത്താവിനെ അറിയുവാൻ എനിക്കിടയായത് എന്ന് ഒരുപാട് പേർ സാക്ഷ്യം പറഞ്ഞത് കേട്ട് ഞാൻ ആശ്ചര്യപ്പെട്ടുപോയി. രാവിലെ കുടുംബകാര്യങ്ങൾ ഒക്കെ തീർത്ത ശേഷം കുറെ ബുക്കുകളും ട്രാക്ടുകളും എടുത്ത് മൈലുകൾ നടന്ന് ഗ്രാമത്തിലുള്ള ഭവനങ്ങളിൽ സുവിശേഷത്തിന്റെ സാക്ഷ്യം പറയുക ഈ അമ്മച്ചി വൃദ്ധയാകുന്നതുവരെയും ചെയ്തിരുന്നു. അതിന്റെ ഫലങ്ങളുടെ പ്രതിഫലനമാണ് എന്നെ ഉൽബുദ്ധനാക്കിയത്.

യുദ്ധക്കളത്തിൽ മൃത്യു വരിച്ചവരുടെ ചരിത്രം പുതുതലമുറകൾക്കായി രേഖപ്പെടുത്തിയിരിക്കുന്നത് മറന്നുപോകരുത്. അതുകൊണ്ട് നമ്മുടെ പൂർവ്വീകരായ മാതാപിതാക്കളുടെ വന്നവഴികൾ പിൻഗമിക്കുന്ന പുതുതലമുറ ഉണർന്നും ജാഗരിച്ചും മറക്കാതിരുന്നാൽ നല്ലത്. അത് നമ്മുടെ അഭിവൃദ്ധിക്കും വളർച്ചയ്ക്കും നിലനില്പ്പിനും ആവശ്യമാണ്.

അതുകൊണ്ട് സൂക്ഷ്മതയോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിരിപ്പാൻ ത്രിയേക ദൈവം നമ്മെ സഹായിക്കട്ടെ. ❑

---

*5-ാം പേജ് തുടർച്ച... (**നിസ്സാരമായതും...**)*

ഇന്നും നിസ്സാരമായത് അവൻ നമ്മോടു ചോദിക്കയും നിത്യമായത് വാഗ്ദാനം ചെയ്കയും ചെയ്യുന്നു. ജീവനുള്ള വെള്ളത്തിന്റെ ആത്മീയാർത്ഥമോ പ്രത്യേകതകളോ പ്രയോജനമോ ഒന്നും വേണ്ടവിധം ഗ്രഹിക്കാതിരുന്നിട്ടും ആ വെള്ളം എനിക്കു തരേണം എന്നു അവൾ ആവശ്യപ്പെടുന്നു. അതെ, നമ്മോടും അവൻ ചിലതൊക്കെയും ചോദിക്കുന്നുണ്ട്. നിന്റെ സമയം എനിക്കു തരുമോ? നിന്റെ നാവുകൾ എനിക്കുവേണ്ടി സംസാരിക്കുമോ? നിന്റെ കൈകൾ എനിക്കുവേണ്ടി പ്രവർത്തിക്കുമോ? നിന്റെ കാലുകൾ ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി ഓടുമോ? നിന്റെ കാതുകൾ എന്റെ കല്പനയ്ക്കായി കാതോർക്കുമോ? ബലഹീനവും ലളിതവുമായ ചിലതൊക്കെ ചോദിച്ചുകൊണ്ടാണ് കർത്താവ് നിത്യതയിൽ നിലനില്ക്കുന്ന പ്രതിഫലം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്.

ആകയാൽ, നിത്യമായതിനെ വാഞ്ഛിച്ചുകൊണ്ട് നിസ്സാരമായതിനെ ലഘുവായി കണക്കാക്കാം. നിത്യതയിൽ നിലനില്ക്കുന്ന പ്രതിഫലത്തിന്മേൽ നോട്ടം വച്ച് ക്രിസ്തീയ ജീവിതം തുടരാം. ദൈവം കൃപനല്കട്ടെ. ❑

# മരണം

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



എല്ലാ അനിശ്ചിതങ്ങൾക്കുമിടയിൽ സുനിശ്ചിതമായ ഒന്നുണ്ട്, മരണം. ജനിച്ചാൽ മരിച്ചേപറ്റൂ. മന്നവനായാലും പണ്ഡിതനായാലും പാമരനായാലും അവസാനം ചെന്നെത്തിച്ചേരുന്നത് ഈ അനിവാര്യതയിൽ തന്നെയാണ്.

നാം ആരും തന്നെ മരണത്തെ ഇഷ്ടപ്പെടുന്നില്ല. അതു നമുക്ക് ദുഃഖവും ഭയവും വേദനയും കൊണ്ടു വരുന്നു. പക്ഷേ ഭൂമിയിലെ ജീവിതത്തിന് ദൈവം കല്പിച്ചിട്ടുള്ള അതിർത്തിയാണ് മരണം, അതംഗീകരിച്ചേ മതിയാവൂ. ഇഷ്ടാനിഷ്ടങ്ങൾക്കവിടെ സ്ഥാനമില്ല. അതവസാന വാക്കാണ്. നിദ്രപ്രാപിച്ചു, നിര്യാതനായി, കാലം ചെയ്തു, കബറടക്കി, വേർപെട്ടു എന്നെല്ലാം പേരുകൾ പലതെങ്കിലും കാര്യം ഒന്നുതന്നെ. കഥ കഴിഞ്ഞു. അരങ്ങൊഴിഞ്ഞു.

ആരും സ്വമനസ്സാലെയല്ല ഈ ലോകത്തിലെ വാസം അവസാനിപ്പിച്ച് യാത്രയാകുന്നത്. എത്രവയസ്സായാലും കുറെക്കൂടി തുടരാൻ തന്നെയാണാഗ്രഹം. എന്നാൽ സൃഷ്ടാവായ ദൈവം വരുവാനും പോകുവാനും സമയം വെച്ചിരിക്കുന്നു. എന്നാൽ അതെപ്പോഴെന്ന് നാമറിയുന്നില്ലെന്ന് ഭാഗ്യം. ആ അറിവില്ലായ്മയാണ് ജീവിതത്തിന്റെ ബലം. മരണം ഏതു വിധത്തിലായാലും പ്രായത്തിലായാലും ദുഃഖവും നഷ്ടവും വരുത്തുന്നു. എന്റെ ഒരു ബന്ധു 44-ാമത്തെ വയസ്സിൽ ഒരപകടത്തിൽ മരിച്ചു. പ്രശസ്തനായ ഒരു പ്ലാസ്റ്റിക് സർജറി വിദഗ്ദ്ധൻ, തീരാത്തനഷ്ടം എന്നാണ് അദ്ദേഹത്തിന്റെ വേർപാടിനെ സഹപ്രവർത്തകർ വിശേഷിപ്പിച്ചത്. മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി യൗവനത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹം കഥാവശേഷനായപ്പോൾ അദ്ദേഹത്തിൽ നിന്നു കിട്ടേണ്ട നിരവധി നേട്ടങ്ങളും സംഭാവനകളും ഭാരതത്തിന് നഷ്ടപ്പെട്ടു.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "കുടുംബവിശേഷങ്ങൾ" എന്ന പുസ്തകത്തിൽ നിന്നും**

ഒരിക്കൽ രണ്ടുവയസ്സുള്ള ഒരു കുട്ടിയുടെ സംസ്കാരത്തിനു പോയതു ഞാൻ ഓർക്കുന്നു. ആ കോമള മുഖത്തു നോക്കി നില്ക്കുമ്പോൾ ഞാൻ എന്നോടു തന്നെ ചോദിച്ചു. ഈ കുഞ്ഞിൽ നിന്നു 'സമൂഹത്തിന്' എന്തെല്ലാം ലഭിക്കുമായിരുന്നു. ശ്രേഷ്ഠനായ ഒരു വൈദ്യനോ, വൈദികനോ, എൻജിനീയറോ, ശാസ്ത്രജ്ഞനോ.. ആരെയാണ് നമുക്ക് നഷ്ടപ്പെട്ടത്?

ഭൂമിയിലേക്ക് വന്നവരാരും ഇവിടെ സ്ഥിരം അല്ല. മരുന്നും ഭക്ഷണവും ചിട്ടയായ ജീവിതവുമൊക്കെ മരണവിധത്തെ മാറ്റിയേക്കാം, പക്ഷേ മരണത്തെ ഒഴിവാക്കിത്തരുകയില്ല. കൊട്ടാരമായാലും വിട്ടേ മതിയാകൂ! ഞാനാദ്യം സൂചിപ്പിച്ചതുപോലെ ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും സ്ത്രീയും പുരുഷനും വെളുത്തവനും കറുത്തവനുമെല്ലാം വിടപറയേണ്ട ഒരു ദിവസമുണ്ട്. സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും സമത്വമറ്റ സോളമനും പോയി. പിന്നെയല്ലേ സാധാരണക്കാരിൽ സാധാരണക്കാരായ നമ്മൾ! "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യന് ദൈവം നിയമിച്ചിരിക്കുന്നു" എന്ന് ബൈബിൾ പറയുന്നു. മരണം ഒരു യാത്രയാണ്. എങ്ങോട്ട്? അതാണാർക്കും അറിയാത്തത്. തത്വശാസ്ത്രം നിശബ്ദമാകുന്നു. യുക്തി ശബ്ദിക്കുന്നില്ല, മരണത്തിനു മുന്നിൽ എല്ലാവരും പഞ്ചപുച്ഛമടക്കി നില്ക്കുന്നു. ഓരോ തലമുറയും വരുന്നു പോകുന്നു. എന്നാൽ എങ്ങോട്ടാണു പോകുന്നതെന്ന അറിവ് ആ യാത്രയെ കുറെക്കൂടി ശാന്തവും സുഗമവുമാക്കും. ആ അറിവാണ് ആത്മീയതയിൽ നിന്നു നമുക്ക് ലഭി

ക്കുന്നത്. നാം മൺമയരാണ്. മണ്ണിൽ നിന്നാണ് നാം സൃഷ്ടിക്കപ്പെട്ടത്. അതുകൊണ്ടാവും ഈ മണ്ണിനോട് ഇത്രയേറെ ആത്മബന്ധം എന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. ഒരു ജീവിതം കൊണ്ടുനേടിയതെല്ലാം ഉപേക്ഷിച്ചിട്ടുപോകാൻ മടി.... പിന്നെ സ്വന്തക്കാർ, ബന്ധുക്കൾ.... അവരെ പിരിയുവാനുള്ള വിഷമം. ഞാൻ പലരുടേയും മരണശയ്യയ്ക്കരികെ നിന്നിട്ടുണ്ട്. ഭൂരിപക്ഷം പേരും അവസാനനിമിഷത്തിനു മുമ്പ് കണ്ണു തുറന്ന് നോക്കുന്നു, ഒരിക്കൽ കൂടി പ്രിയപ്പെട്ടവരെ ഒന്നു കാണാൻ. മരിക്കുന്നതു പ്രയാസം. എന്നാൽ മരണസമയത്ത് ആരും അടുത്തില്ലാത്ത അവസ്ഥ ചിന്തിക്കാനേ കഴിയുന്നില്ല. യുദ്ധക്കളത്തിൽ വെടിയേറ്റു മരിക്കുന്ന ഒരു ധീരനായ പടയാളി. ആരും അടുത്തില്ല. ഒരു തുള്ളി വെള്ളം കൊടുക്കാനോ യാത്ര പറയുവാനോ ആരുമില്ല. ലോകത്തിൽ എത്രയോപേർ അങ്ങനെ അന്ത്യശ്വാസം വലിക്കുന്നു.

മരണാനന്തര അവസ്ഥയേക്കുറിച്ചുള്ള അജ്ഞത മരണത്തെ കൂടുതൽ കഠിനമാക്കും. കഴിഞ്ഞ 35 വർഷങ്ങൾക്കിടയിൽ ജയിലുകളിൽ വധശിക്ഷ കാത്തുകഴിയുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്, സംസാരിച്ചിട്ടുമുണ്ട്. അമേരിക്കയിൽ നോർത്ത് കരോളിന സംസ്ഥാനത്തുള്ള റാലി, മാക്സിമം സെക്യൂരിറ്റി ജയിലിൽ മരണശിക്ഷ കാത്തു കഴിയുന്ന തടവുകാർക്കായി നടത്തിയ സെമിനാറിൽ ഞാനും ഒരു അദ്ധ്യാപകനായിരുന്നു. മരണത്തിന്റെ മണമുള്ളവരുമായി കുറേസമയം ഒരുമിച്ചു കഴിഞ്ഞത് എങ്ങനെ മറക്കാനാവും? എല്ലാവർക്കും അറിയേണ്ടിയിരുന്നത് മരണാനന്തരം എന്ത് എന്നുള്ളതായിരുന്നു.

മരിച്ചുപോയി എന്നു പറയുമ്പോൾ എങ്ങോട്ടോപോയി എന്നു മനസ്സിലാകുന്നു. നമ്മൾ വിദേശയാത്രകൾ പോകാറുണ്ട്. പക്ഷേ അപ്പോൾ എങ്ങോട്ടാണ് പോകുന്നത് എന്ന് കൃത്യമായ ഒരു ധാരണ എല്ലാവർക്കുമുണ്ട്. അതുകൊണ്ട് ആ യാത്രയിൽ വേദനയും വിതുമ്പലുകളും ഏറെ ഇല്ല! ഈശ്വരൻ ജീവനെ എത്ര ശക്തിയായാണ് ശരീരവുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ജീവൻ വിടുന്ന രംഗം പലർക്കും വലിയ കഷ്ടതയാണ്. മരണഭയത്തെ അതിജീവിക്കുന്നതെങ്ങനെയെന്ന് പലരും ചോദിക്കുന്നത് അതുകൊണ്ടാണ്?

എങ്ങനെയാണ് മരണഭയത്തെ അതിജീവിക്കേണ്ടത്? ഒന്നാമതായി മരണത്തിന്റെ സാർവലൗകികതയെ അംഗീകരിക്കുക. അതു സകലഭൂവാസികളുടെയും വഴിയാണ്, 'അത്' നമുക്കോ നമ്മുടെ ഭവനത്തിലോ മാത്രമുള്ള ഒന്നല്ല. രണ്ടാമതായി മരണാനന്തര അവസ്ഥയേക്കുറിച്ച് മനസ്സിലാക്കുക. എങ്ങോട്ടു പോകുന്നു എന്ന് ഉറപ്പാക്കുക. ആ ധൈര്യം മരണഭയത്തിൽ നിന്നു വിടുവിക്കും. അവസാനമായി മരണം ഒരനിർവാര്യതയാണെന്നും എത്ര ശ്രമിച്ചാലും ഈ ലോകത്തിൽ പിടിച്ചു നില്ക്കാൻ ആർക്കും കഴിയുകയില്ലെന്നും മനസ്സിലാക്കി ആ യാഥാർത്ഥ്യത്തെ അംഗീകരിക്കുക.

ബൈബിളിലെ ഇയ്യോബിന്റ പുസ്തകത്തിൽ ഒരു രസകരമായ ചോദ്യമുണ്ട്. അതിങ്ങനെയാണ്:

"മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?"

മനുഷ്യബുദ്ധികൊണ്ട് ഉത്തരം പറയാൻ കഴിയാത്ത ഒരു ചോദ്യമാണിത്. മരണത്തോടെ എല്ലാം കഴിയുന്നുവെന്ന് ചിലർ പറയുന്നു. ഒന്നും വ്യക്തമല്ല എന്നു ചിലർ. ഓരോരുത്തർക്കും ഓരോ സങ്കല്പം. മരിച്ചവർ ആരെങ്കിലും തിരിച്ചുവന്നിരുന്നെങ്കിൽ കൃത്യമായി അറിയാമായിരുന്നു, വിശ്വസിക്കാമായിരുന്നു എന്നു ചിന്തിക്കുന്നവരുമുണ്ട്.

ചന്ദ്രഗോളത്തെക്കുറിച്ച് പല ഭാവനകളും ഉണ്ടായിരുന്നു. "മന്നവേന്ദ്രാ വിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിന്മുഖം" എന്ന് ഉപമയുടെ ഉദാഹരണം. പക്ഷേ മനുഷ്യൻ ചന്ദ്രനിൽ പോയി മടങ്ങിവന്നപ്പോൾ ശരിയായ അവസ്ഥ മനസ്സിലായി. കണ്ടറിയുന്നതിനേപ്പറ്റി ഞാനൊരുദാഹരണം പറഞ്ഞുവെന്നേയുള്ളൂ.

പക്ഷേ അതുപോലെ ഒന്നു മരിച്ചു നോക്കിയിട്ടു തിരിച്ചുവന്നു വിവരം പറയുവാനുള്ള സാങ്കേതിക വിദ്യ കണ്ടെത്താൻ ശാസ്ത്രത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? അതോ മരണം കൊണ്ട് എല്ലാം കഴിഞ്ഞുവോ? മരണാനന്തരം എന്താണ്? യേശുവിന്റെ ശിഷ്യനായ ലൂക്കൊസ് അത് രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരിടത്ത് ഒരു ധനവാനും ലാസർ എന്നു പേരുള്ള ദരിദ്രനും മരിച്ചു. ഒരാൾ പാതാളത്തിലേക്കും മറ്റെയാൾ അബ്രാഹാമിന്റെ മടിയിൽ പറുദീസയിലേക്കും മാറ്റപ്പെട്ടു. ഭൂമിയിൽ അടഞ്ഞ കണ്ണുകൾ തുറന്നത് രണ്ടു സ്ഥലത്ത്,

ധനവാൻ പാതാളത്തിൽ, ലാസർ പറുദീസയിൽ. മരണശേഷം ഉള്ള രണ്ടുസ്ഥലങ്ങൾ. നാമെല്ലാം മരിക്കുവാൻ യോഗ്യതയുള്ളവരാണ്. ജീവനുണ്ട് എന്നത് മാത്രമാണ് അതിന് വേണ്ട യോഗ്യത. പക്ഷേ മരണത്തെക്കുറിച്ചുള്ള അറിവ് നമ്മെ ഭയപ്പെടുത്തുകയല്ല, മറിച്ച് മരണത്തെ അഭിമുഖീകരിക്കുവാൻ ഒരുക്കുകയാണ് വേണ്ടത്.

ഒരു വ്യക്തി ആശുപത്രിയിൽവെച്ച് മരിച്ചു. പിന്നെ നാം അന്വേഷിക്കുന്നത് 'ശവം' വന്നോ എന്നാണ്. ജീവൻ പോയിക്കഴിഞ്ഞാൽ പിന്നെ നമ്മുടെ പേര് അതാണ്. ദീർഘനാളത്തെ ജീവിതവും കഷ്ടപ്പാടുകളും അദ്ധ്വാനവും എല്ലാം കഴിഞ്ഞു റിട്ടയർചെയ്തു. ആദ്യം വീട്ടിൽ ഒതുങ്ങുന്നു. പിന്നീട് ഒരു മുറിയിൽ അതിനുശേഷം ഒരു കട്ടിലിൽ പിന്നീട് ഒരു പെട്ടിയിൽ ഒടുവിൽ ആറടിമണ്ണിനടിയിൽ....

പാതാളത്തിൽ എത്തിയ ധനവാൻ മേലോട്ടുനോക്കി ലാസറിനേയും അബ്രാഹാമിനേയും തിരിച്ചറിഞ്ഞു.

"ഞാൻ ഇവിടെ തീ ജ്വാലയിലാണ്, യാതനയിലാണ്, ദാഹിക്കുന്നു... ലാസറിന്റെ വിരലിന്റെ അറ്റംമുക്കിയാണെങ്കിൽകൂടി ഒരു തുള്ളി വെള്ളത്തിനുവേണ്ടി യാചിക്കുന്ന അവസ്ഥയിലാണ് ഞാൻ".

അയാൾ കേണു. അപ്പോൾ അതു നടക്കുകയില്ല എന്ന് അബ്രാഹാം ഒരു താക്കീതെന്നോണം പറഞ്ഞു. നോക്കുക, ഇവിടെ എത്താനുള്ള മാർഗമൊക്കെ കേട്ടതല്ലേ? അറിഞ്ഞതല്ലേ? ഇനി രക്ഷയില്ല, അങ്ങോട്ടും ഇങ്ങോട്ടും പാടില്ല. അവസരം മരണത്തോടെ കഴിഞ്ഞു. ധനവാൻ പിന്നീടാവശ്യപ്പെടുന്നത് ലാസറിനെ ധനവാന്റെ വീട്ടിലേക്കയയ്ക്കണമെന്നാണ്.

"എന്റെ സഹോദരന്മാർ ഇവിടെ വരാതിരിക്കാൻ അവർ ലാസറിന്റെ സാക്ഷ്യം കേൾക്കട്ടെ"

"തിരുവെഴുത്തുകൾ അവരുടെ അടുക്കലുണ്ട്" അബ്രാഹാം പറഞ്ഞു. " അത് പ്രമാണമാണ് അത് വായിച്ച് വിശ്വസിക്കട്ടെ". അതു വായിച്ചാലൊന്നും അവർ മാനസാന്തരപ്പെടുകയില്ല എന്നു ധനവാൻ പറഞ്ഞു. മാനസാന്തരപ്പെടാത്തതുകൊണ്ടാണ് തനിക്ക് ഈ ഗതി വന്നതെന്ന് അയാൾ സമ്മതിക്കുകയും ചയ്തു. ധനവാൻ അവിടെയും അവസാനിപ്പിക്കുന്നില്ല. മരിച്ചവരിൽ നിന്നും ഒരാൾ ചെന്നു പറഞ്ഞാൽ അവർ വിശ്വസിക്കും എന്നയാൾ വീണ്ടും പറയുന്നു. തുടർന്ന് വിശ്വസിക്കാത്തതുകൊണ്ടാണ് താനിവിടെ വരാനിടയായതെന്നും അംഗീകരിക്കുന്നു.

ഇവിടെ എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയുണ്ട്. ധനവാൻ മരണശേഷവും കാര്യങ്ങളെല്ലാം ഓർത്തിരുന്നു. അയാൾ എന്തെല്ലാം കാര്യങ്ങൾ ആവശ്യപ്പെട്ടു! പക്ഷേ ഒരിക്കൽപോലും 'അബ്രാഹാം പിതാവെ എനിക്ക് മാനസാന്തരപ്പെടുവാൻ അവസരമുണ്ടോ? വിശ്വസിക്കാൻ കഴിയുമോ? എന്നു മാത്രം ചോദിച്ചില്ല. ആ വൈകിയവേളയിൽ പോലും അയാൾക്ക് ദൈവസ്നേഹത്തിന്റെ പാതയിലെത്തിച്ചേരാൻ കഴിയുന്നുമില്ല.

മനുഷ്യജീവിതം ദുഃഖങ്ങൾ നിറഞ്ഞതാണ്. അതിലേറ്റവും മുന്നിൽ നില്ക്കുന്നത് മരണഭയം തന്നെയാണ്. ആ ഭയത്തെ കീഴടക്കുവാനുള്ള ഏകമാർഗ്ഗം ദൈവത്തെ അറിയുക എന്നതാണ്. ദൈവത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, പ്രാർത്ഥിക്കുക. ഹൃദയം പ്രകാശപൂർണമാകും.

ഭാരതത്തിന്റെ പ്രിയകവിയാണ് നോബൽ സമ്മാനാർഹനായ രവീന്ദ്രനാഥ ടാഗോർ. അദ്ദേഹത്തിന്റെ ഒരു കവിത വായിച്ചത് ഈ അവസരത്തിൽ ഞാനോർമ്മിക്കുന്നു. ഏഷ്യയിലെ ഏറ്റവും തിരക്കേറിയ റെയിൽവേ സ്റ്റേഷനുകളിലൊന്നാണ് 'സിയാൽഡാ'. ട്രെയിനുകൾ വരുന്നു പോകുന്നു. ബസ്സും കാറും ഉന്തുവണ്ടികളും റിക്ഷകളും യാത്രക്കാരുമെല്ലാം കൂടി ഇടകലരുമ്പോൾ തിരക്കോടുതിരക്ക്!

ആ വഴിവക്കിലെ ഒരു മരത്തിന്റെ ചില്ലയിൽ രണ്ടു കിളികൾ ഇരിക്കുന്നു. അതിൽ ഒരു കിളി ചോദിക്കുന്നു. "എന്തേ മനുഷ്യർക്ക് ഇത്ര തിക്കും തിരക്കും ധൃതിയും സംഘർഷവും? ആർക്കും ഒരു പ്രസാദമുള്ള മുഖമില്ല, എല്ലാ മുഖങ്ങളിലും ഉത്കണ്ഠ മാത്രം!"

അപ്പോൾ രണ്ടാമത്തെ കിളി ഇങ്ങനെ മറുപടി പറയുന്നു "നമ്മുടെ എല്ലാ ആവശ്യങ്ങളും അറിഞ്ഞു നല്കുന്ന ഒരു ഈശ്വരൻ ഉണ്ടെന്ന സത്യം അവർക്ക് അറിയില്ലായിരിക്കും".

ആ കിളികൾ അവിടെയിരുന്നു പാടിക്കൊണ്ടിരിക്കുന്നു. പക്ഷേ താഴെ അനേകം സംഘർഷങ്ങളുടേയും ഭീതിയുടെയും നിഴലുകൾക്കിടയിൽ മനുഷ്യൻ ഇഴഞ്ഞുകൊണ്ടേയിരിക്കുന്നു. പരിഹാരം കൈയ്യെത്തും ദൂരത്തുണ്ട്. മനസ്സിനുള്ളിൽ തന്നെയുണ്ട്. എന്തേ അതു മാത്രം കാണാൻ കഴിയുന്നില്ല? ❑

# “എന്നെ അനുഗമിപ്പിൻ”

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



‘‘സർവ്വലോകത്തൊഴിലാളികളേ, സംഘടിക്കുവിൻ”. ഇന്നു നാമറിയുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ച കാൾ മാർക്സിന്റെ ആഹ്വാനമാണത്. ആഗോളവ്യാപകമായി അദ്ദേഹത്തിന്റെ ആഹ്വാനത്തിനനുസൃതമായി തന്നെയും തന്റെ ഭൗതികാധിഷ്ഠിതമായ സ്ഥിതിസമത്വ പ്രത്യയ ശാസ്ത്രത്തെയും ഇതഃപര്യന്തം അനുധാവനം ചെയ്തത് എത്രയോ ലക്ഷങ്ങളാണ്! എത്രയോ ആഹ്വാനങ്ങൾ നാം കേൾക്കാറുണ്ട്! നമ്മുടെ പ്രതികരണങ്ങൾ സമ്മിശ്രമല്ലേ?

യേശുക്രിസ്തുവിന്റെ സന്തതസഹചാരികളായി പരസ്യശുശ്രൂഷയിൽ തന്നോടൊപ്പം ഇരിക്കേണ്ടതിന്നും താൻ സ്വർഗ്ഗാരോഹണം ചെയ്ത് പിതൃസവിധത്തിലേക്കു പോകുമ്പോൾ തനിക്കു പകരക്കാരായി ജീവന്റെ സദ്വാർത്ത പ്രചരിപ്പിക്കേണ്ടതിന്നും ആയിട്ട് ശിഷ്യന്മാർക്കു രണ്ടുപ്രാവശ്യം ആഹ്വാനം നല്കുന്നതായി മർക്കൊസ് 1:17 ലും യോഹന്നാൻ 21:22 ലും കാണാവുന്നതാണ്. നമ്മുടെ കർത്താവു താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരോടു, വിശിഷ്യ പത്രൊസിനോടു ആദ്യമായും അവസാനമായും പറഞ്ഞ വാക്കുകളാണവ. സുദീർഘമായ ഒരു പുരുഷായുസ്സ് ആ രണ്ടു ആഹ്വാനങ്ങൾക്കിടയിലുണ്ട്. ഒന്നാമത്തെ ആഹ്വാനം മർക്കൊസ് 1:17 ൽ കാണുന്നു. അതിന്റെ പശ്ചാത്തലമൊന്നു പരിശോധിക്കാം. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭദിനങ്ങളിൽ ഗലീലയിൽ ചെന്നു രാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നു. അവിടുന്ന് ഗലീലക്കടല്പുറത്തു നടക്കുമ്പോഴാണ് ശീമോനും അവന്റെ സഹോദരനായ അന്ത്രെയാസും കടലിൽ വല വീശുന്നതു കണ്ടത്. മത്സ്യബന്ധനം കുലത്തൊഴിലാക്കിയിരുന്ന അവരോട് ‘‘എന്നെ അനുഗമിപ്പിൻ” എന്നു കർത്താവു ആഹ്വാനം ചെയ്തു. ഉടനെ അവർ വലവിട്ട് അവനെ അനുഗമിച്ചു, പരമ്പരാഗത മത്സ്യത്തൊഴിലാളികളായിരുന്ന അവരുടെ ഉപജീവനം വലയെയും, വഞ്ചിയെയും കടലിനെയും ആശ്രയിച്ചായിരുന്നു. പക്ഷേ, സുരക്ഷാകവചങ്ങൾ അപ്പാടെ ഉപേക്ഷിച്ച് അരുമനാഥന്റെ ആഹ്വാനം സ്വീകരിച്ച അജ്ഞാതമായ വീഥിയിലേക്ക് അവർ അവനെ അനുഗമിക്കുന്നു. കുടുംബസ്ഥനായ ശീമോന്റെ ഏകവരുമാനമാർഗ്ഗം ഉപേക്ഷിച്ചാണു പത്രൊസ് ഗുരുവിനെ അനുഗമിക്കുന്നത്.

നാമിതിനകം എത്രയോ തവണ “എന്നെ അനുഗമിപ്പിൻ” എന്ന ആഹ്വാനം കേട്ടിരിക്കാം. ഓരോ പ്രാവശ്യം അതുകേട്ടപ്പോഴും നമ്മുടെ പ്രതികരണം എന്തായിരുന്നുവെന്നു ചിന്തിക്കുക. എന്റെ ഒരു സ്നേഹിതൻ ബൈബിൾ പഠനത്തിന്റെ മറവിൽ വിദേശത്തേക്കുപോയി. ഒടുവിൽ കറങ്ങിത്തിരിഞ്ഞ് ‘സ്വപ്നഭൂമി’യായ അമേരിക്കയിലെത്തി. കുറേ വർഷങ്ങൾക്കു മുമ്പുള്ള കഥയാണ്. “കുമ്പനാട് യൂണിവേഴ്സിറ്റി” യുടെ ഡിഗ്രി കാണിച്ചാലും ജോലിയും സ്ഥിരം വീസായും കിട്ടുന്ന കാലം. അദ്ദേഹത്തിനു ജോലിയുമായി വീസായും തരപ്പെട്ടു. സ്നേഹിതന്റെ വിദേശയാത്രയുടെ പ്രസ്താവ്യമായ ഉദ്ദേശ്യം അറിഞ്ഞിരുന്നതുകൊണ്ട് സുവിശേഷവേലയ്ക്കായി ഇന്ത്യയിലേക്കു എന്നാണു പോകുന്നതെന്നു ഞാൻ ചോദിച്ചപ്പോൾ ലഭിച്ച മറുപടി അപ്രതീക്ഷിതമായിരുന്നു. “അത്, നല്ലൊരു ബാങ്കു ബാലൻസ് ഉണ്ടാക്കണം ആദ്യം. എന്നിട്ടുവേണം നാട്ടിൽ പോകാൻ”. “മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിനു പകരം”, മുമ്പേ ‘‘ബാങ്കുബാലൻസും മീതിയും’’ എന്നായിരുന്നു എന്റെ

സ്നേഹിതന്റെ ആപ്തവാക്യം. ചില നാളുകൾക്കുശേഷം "എന്നെ അനുഗമിപ്പിൻ" എന്ന ആഹ്വാനത്തിനനുസൃതമായി ഞങ്ങൾ സകുടുംബം ഇന്ത്യയിലേക്കു മടങ്ങി തിരുവനന്തപുരം കേന്ദ്രമാക്കി കർത്തൃവേല സമാരംഭിച്ചു. പിന്നീടു എന്റെ മേല്പറഞ്ഞ സുഹൃത്തിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹത്തിനു അപമൃത്യൂ സംഭവിച്ചതായി അറിയുവാനിടയായി. ഒരു ദിവസം ജോലിക്കുപോയി മടങ്ങി വന്ന ഭാര്യ കണ്ട കാഴ്ച അതിദാരുണമായിരുന്നു, എന്റെ സുഹൃത്ത് കുളിമുറിയുടെ തറയിൽ മരിച്ചു കിടക്കുന്ന ഹൃദയഭേദകമായ കാഴ്ചയായിരുന്നു അത്. "എന്നെ അനുഗമിപ്പിൻ" എന്ന ആഹ്വാനത്തിനു ചെവികൊടുക്കാതെ തർശീശിലേക്കു കപ്പൽ കയറിയ എന്റെ സുഹൃത്തിനു വള്ളവും വലയുമുപേക്ഷിച്ച് കർത്താവിനെ അനുഗമിപ്പാനുള്ള അവസരം നഷ്ടമായി. കർത്താവിനെ സർവ്വവും ഉപേക്ഷിച്ച് അനുഗമിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല നമുക്ക്. പക്ഷേ, നിരക്ഷരകുക്ഷികളായ കടലിന്റെ മക്കളെപ്പോലെ അവരുടെ ജീവനോപാധികളായ വലയും വള്ളവും സഹപ്രവർത്തകരെയും സർവ്വവും ഉപേക്ഷിക്കാനുള്ള സന്മനസ്സാണ് ശിഷ്യത്വത്തിന്റെ പാതയിലേക്കുള്ള പ്രഥമപടി.

യോഹന്നാൻ 21-ാം അദ്ധ്യായത്തിൽ, കർത്താവു ശീമോനു നല്കിയ രണ്ടാമത്തെ "എന്നെ അനുഗമിപ്പിൻ" എന്ന ആഹ്വാനം കാണാവുന്നതാണ്. "എന്നെ അനുഗമിപ്പിൻ " (വാ.19) " നീ എന്നെ അനുഗമിക്ക" (വാ. 22). സന്ദർഭമാകട്ടെ, ശീമോൻ പത്രൊസ് തന്റെ കുലത്തൊഴിലായ മത്സ്യബന്ധനത്തിലേക്കു മടങ്ങിപ്പോയപ്പോഴാണ് ഉയിർത്തെഴുന്നേറ്റ കർത്താവു അവനു പ്രത്യക്ഷീഭവിച്ചത്. മനുഷ്യരെ പിടിക്കുവാൻ ആഹ്വാനം മാത്രമല്ല, പരിശീലനവും സിദ്ധിച്ച ശീമോൻ തന്റെ നിയോഗത്തിൽനിന്നും വ്യതിചലിച്ചുവെന്നു മാത്രമല്ല, തന്നോടൊപ്പം പരിശീലന ക്യാമ്പിലുണ്ടായിരുന്ന ചിലരെക്കൂടി കലപ്പയിൽ നിന്നും കൈകളെടുത്ത് പിന്നോക്കം പായുന്നതിന് ഉത്സാഹിപ്പിക്കയും ചെയ്തു. തന്നെ തള്ളിപ്പറയുകയും വിശ്വാസ വഞ്ചന കാണിക്കയും ചെയ്ത അരുമശിഷ്യന്മാരെ കർത്താവു അഭിസംബോധന ചെയ്യുന്നത് ശ്രദ്ധേയമാണ്. "കുഞ്ഞുങ്ങളേ"! യാദൃശ്ചികമെന്നു നമുക്കു തോന്നാമെങ്കിലും വീണ്ടും പത്രൊസിനെയും സുഹൃത്തുക്കളെയും കർത്താവു കണ്ടുമുട്ടുന്നത് ഗെന്നേസരെത്ത് തടാകത്തിന്റെ കരയിലാണ്. ഗലീലാക്കടലിന്റെ വടക്കു പടിഞ്ഞാറൻ പ്രവിശ്യ അറിയപ്പെട്ടിരുന്നത് ഗെന്നേസരെത്ത് എന്നാണ്. അതായത് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ പത്രൊസിനെയും സഹോദരനായ അന്ത്രെയാസിനെയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കവെ എവിടെവച്ചു എതിർപെട്ടുവോ, അതേ സ്ഥലത്തും അതേ സാഹചര്യത്തിലുമാണ് പുനരുത്ഥാനശേഷവും കണ്ടുമുട്ടുന്നത്. ഒരു വ്യത്യാസം ഉണ്ട്. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒരു ചെറുമീനിനെപ്പോലും പിടിക്കുവാൻ അവർക്കു കഴിഞ്ഞില്ല. ഇക്കഴിഞ്ഞ മൂന്നരവർഷം അവരെ ഗുരു മീൻപിടിക്കാനല്ലല്ലോ പരിശീലിപ്പിച്ചത് - മനുഷ്യരെ പിടിക്കാനല്ലേ? പിന്നെങ്ങനെയാണവർ എത്ര അദ്ധ്വാനിച്ചാലും മീൻ ലഭ്യമാകുക? ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ കഠിനാദ്ധ്വാനങ്ങൾ പരാജയപ്പെടുമെന്നതിനു രണ്ടു പക്ഷമില്ല.

''എന്നെ അനുഗമിപ്പിൻ'' എന്ന ക്രിസ്തുവിന്റെ ആഹ്വാനത്തിനു അനുസൃതമായി വലയും വള്ളവും കുടുംബവും എല്ലാം ഉപേക്ഷിച്ചിറങ്ങുന്ന ഏതൊരു വ്യക്തിയും ഓർക്കുക, ഒരു വലിയ വിലകൊടുക്കേണ്ടി വരും എന്ന വസ്തുത. പുനഃപ്രതിഷ്ഠ ആവശ്യമായെന്നിരുന്നാലും പത്രൊസ് ഗുരുവിന്റെ ആഹ്വാനത്തോടു അനുസരണ കാട്ടി. പത്രൊസിന്റെ അനുസരണത്തിനു താൻ വലിയ വില കൊടുക്കേണ്ടി വന്നു. പത്രൊസു മാത്രമല്ല, യോഹന്നാൻ ഒഴികെ ബാക്കിയുള്ള ശിഷ്യന്മാരും രക്തസാക്ഷിമരണം വരിച്ചതായി ചരിത്രവും ഐതിഹ്യവും സാക്ഷ്യം വഹിക്കുന്നു. ആദിമനൂറ്റാണ്ടിലെ ലക്ഷോപലക്ഷം വിശ്വാസികൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിനു വേണ്ടി ജീവാർപ്പണം ചെയ്തു. കഴിഞ്ഞ ഇരുപത്തൊന്നു നൂറ്റാണ്ടുകളായി ക്രൈസ്തവർ ലോകമെമ്പാടും വിശ്വാസത്തിനുവേണ്ടി വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു. ആദിമ നൂറ്റാണ്ടിലാരംഭിച്ച ക്രൈസ്തവ മതപീഡ ഒരു തുടർക്കഥയാണ്.

ഹിറ്റ്ലറുടെ കിരാതഭരണത്തിൽ രക്തസാക്ഷി മരണം വരിച്ച ജർമ്മൻ തിയളോജിയൻ ഡീട്രിക് ബോൺഹോഫർ യേശുക്രിസ്തുവിന്റെ ആഹ്വാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "When Christ calls a man he bids him come and die". "എന്നെ അനുഗമിക്കുക എന്നു ക്രിസ്തു ഒരുവനെ ആഹ്വാനം ചെയ്യുമ്പോൾ, എന്നെ അനുഗമിക്കയും മരിക്കയും ചെയ്യുക", അഥവാ, ക്രിസ്തുവിനുവേണ്ടി മരിക്കാനാണ് അവൻ നമ്മെ ക്ഷണിക്കുന്നത്.

എല്ലാവരും രക്തസാക്ഷികളായി മരിക്കയില്ല. എന്നാൽ ആ വിളി സ്വീകരിക്കുന്നവർ ക്രിസ്തുവിനുവേണ്ടി മരണം വരിക്കേണ്ടിവന്നാൽ അതിനു തയ്യാറായിരിക്കണം. ഇക്കഴിഞ്ഞ നവംബർ പതിനേഴാം തീയതി ആൻഡമാൻസ് നിക്കോബാർ ദ്വീപസമൂഹത്തിലേക്കു ആത്മഭാരത്തോടെ പോയ ഇരുപത്താറുകാരൻ അമേരിക്കൻ മിഷനറി ജോൺ അലൻ ചോയെപ്പോലെ ചിലരെങ്കിലും ഇരുപത്തൊന്നു നൂറ്റാണ്ടു പഴക്കമുള്ള ആ ആഹ്വാനത്തിനു അതർഹിക്കുന്ന വില നല്കുകയും മരിക്കയും ചെയ്യാൻ തയ്യാറാകുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആൻഡമാനിലെ സെന്റിനൽ ദ്വീപുവാസികളായ ലോകത്തിലെ ഏറ്റവും ഒറ്റപ്പെട്ട ഗോത്രവർഗ്ഗക്കാർ അദ്ദേഹത്തെ അമ്പെയ്തു. താൻ മുറിവേറ്റപ്പോഴും അലൻചോ പറഞ്ഞത്, "യേശുക്രിസ്തുവിനെക്കുറിച്ചു അറിവാൻ അർഹതയുള്ളവരാണവർ " എന്നാണ്. വീണ്ടും അദ്ദേഹം അവരെത്തേടിച്ചെന്നു. പക്ഷേ, അവർക്കു യേശുക്രിസ്തുവിനെ പരിചയപ്പെടുത്താൻ കഴിയുന്നതിനു മുമ്പായി അദ്ദേഹത്തെ അമ്പെയ്ത് അവർ മണലിൽ കുഴിച്ചിട്ടു; ഒരു പക്ഷേ ജീവനോടെയാകാം. ആ യുവ മിഷനറി കൊല്ലപ്പെടുന്നതിന്റെ തലേ ദിവസം അമേരിക്കയിലെ വാഷിംഗ്ടണിലുള്ള തന്റെ മാതാപിതാക്കൾക്കു ഇപ്രകാരം എഴുതി, "ഞാൻ കൊല്ലപ്പെടുകയാണെങ്കിൽ അവരോടോ (ഗോത്രവർഗ്ഗക്കാരോട്) ദൈവത്തോടോ നിങ്ങൾ കോപാകുലരാകരുത്". മണലിൽ മറവുചെയ്ത മൃതശരീരംപോലും ആ മാതാപിതാക്കൾക്കു ഒരുനോക്കു കാണാൻ ലഭിച്ചില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു. തങ്ങളുടെ മകൻ കർത്താവിനെ അനുഗമിച്ചതുകൊണ്ട് ആ മാതാപിതാക്കളും വലിയ വില കൊടുക്കേണ്ടിവന്നു.

"എന്നെ അനുഗമിക്കുന്നവൻ എനിക്കു വേണ്ടി മരിക്കാനും സന്നദ്ധനായിരിക്കണം". ബാങ്കു ബാലൻസു ഇരട്ടിപ്പിക്കാനുള്ള നെട്ടോട്ടത്തിൽ മരിക്കുന്ന കാര്യമല്ലിവിടെ വിശകലനം ചെയ്യുന്നത്. ഡീട്രിക് ബോൺഹോഫർ പറഞ്ഞത് സ്വാനുഭവത്തിൽ യാഥാർത്ഥ്യമായി പരിണമിച്ചു. ഒരു മഞ്ഞുറഞ്ഞ പ്രഭാതത്തിൽ ഹിറ്റ്ലറുടെ കിങ്കരന്മാർ കേവലം മുപ്പത്തി ഒൻപതു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ബോൺഹോഫറിന്റെ ജീവൻ കവർന്നു. അദ്ദേഹം ചെയ്ത കുറ്റമോ? താൻ ക്രിസ്തുമാർഗ്ഗത്തിന്റെ ഒരു അനിഷേധ്യവക്താവായിരുന്നു എന്നതായിരുന്നു തന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റം. യേശുക്രിസ്തു ഓരോ വിശ്വാസിയെക്കുറിച്ചും പ്രതീക്ഷിക്കുന്നത് "എന്നെ അനുഗമിപ്പിൻ " എന്നാണ്. താങ്കൾ പത്രൊസിനെപ്പോലെ, ബോൺഹോഫറെപ്പോലെ, ജോൺ അലൻ ചോയെപ്പോലെ അനുസരണമുള്ള ഒരു വിശ്വാസിയോ? "എന്നെ അനുഗമിപ്പിൻ " എന്നു യേശുക്രിസ്തു ആഹ്വാനം ചെയ്യുമ്പോൾ എന്നെ മരണത്തോളം അനുഗമിക്ക എന്നാണതിന്റെ അർത്ഥം. ഈ പുതുവർഷത്തിൽ താങ്കളുടെ ഇനിയുള്ള ജീവിതമെങ്കിലും കർത്താവിനെ അനുഗമിക്കാൻവേണ്ടി അവനായി സമർപ്പിക്കുമോ?

# QUEST 63

(ഈ ലക്കം QUEST 63- ലെ ചോദ്യങ്ങൾ സദൃശവാക്യങ്ങളിൽ നിന്നാണ്)

1. രാജാവിന്റെ ഭീഷണം എന്തുപോലെ?
2. വിവേകമുള്ളവന്റെ ഹൃദയം അന്വേഷിക്കുന്നതെന്ത്?
3. ദോഷം ചെയ്യുവാൻ നിരൂപിക്കുന്നവനെ എന്തുപറയുന്നു?
4. അസ്ഥികൾക്ക് ദ്രവത്വം എന്ത്?
5. ദോഷത്തെ പിൻതുടരുന്നവൻ എന്തിനായി പ്രവർത്തിക്കുന്നു?
6. മുത്തിനേക്കാൾ നല്ലതെന്ത്?
7. വീഥിയിൽ ഘോഷിക്കുന്നതാര്?
8. യഹോവയുടെ കൈയിൽ നീർത്തോടുകണക്കെ ഇരിക്കുന്നതെന്ത്?
9. യഹോവ ഭൂമിയെ സ്ഥാപിച്ചതെങ്ങനെ?
10. വിദ്യയെ വർദ്ധിപ്പിക്കുന്നതെന്ത്?
11. മകനെ പകെക്കുന്ന പിതാവാര്?
12. നല്ലൊരു ഔഷധം എന്താകുന്നു?
13. നിലനില്ക്കുന്ന ഭവനം ആരുടേത്?
14. മനസ്സിന് ഇമ്പമായത് എന്ത്?
15. പട്ടണത്തിൽ കോപാഗ്നി ജ്വലിപ്പിക്കുന്നതാരാണ്?
16. നീതിമാന്റെ വായ് എപ്രകാരമുള്ളതാണ്?
17. വെള്ളിയിൽ നിന്നും കീടം നീക്കിക്കളഞ്ഞാൽ തട്ടാന് എന്ത് ലഭിക്കും?
18. പുരുഷന് ക്രോധഹേതു എന്താകുന്നു?
19. അമ്മയെ അനുസരിക്കാത്തവരുടെ കണ്ണ് ഏത് പക്ഷിയാണ് കൊത്തിപ്പറിക്കുന്നത്?
20. പരസ്ത്രീയുടെ അധരങ്ങളിൽ നിന്ന് ഇറ്റിറ്റു വീഴുന്നതെന്ത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 63-** ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2019 ഫെബ്രുവരി 20**-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം: ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
**ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST- 62 ശരി ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1. | ഭക്തന്മാരോട് | സങ്കീ. | 103:11 |
| 2. | തിരുവചനം | സങ്കീ. | 119:103 |
| 3. | യോസേഫ് | സങ്കീ. | 105:17–19 |
| 4. | യെരുശലേമിനെ | സങ്കീ. | 122:3 |
| 5. | സീഹോൻ | സങ്കീ. | 136:19 |
| 6. | വാവിഷ്ഠാണക്കാരൻ | സങ്കീ. | 140:11 |
| 7. | ജനം | സങ്കീ. | 144:15 |
| 8. | ദാഥാനെ | സങ്കീ. | 106:17 |
| 9. | ഏദോമ്യർ | സങ്കീ. | 137:7 |
| 10. | യെരുശലേമിന്റെ | സങ്കീ. | 122:6 |
| 11. | നീതിമാൻ | സങ്കീ. | 112:6 |
| 12. | മഹാസമാധാനം | സങ്കീ. | 119:165 |
| 13. | മഞ്ഞ് | സങ്കീ. | 147:16 |
| 14. | നീതിമാന്മാരുടെ | സങ്കീ. | 118:15 |
| 15. | സ്തുതിക്കട്ടെ | സങ്കീ. | 150:8 |
| 16. | നീതിമാൻ | സങ്കീ. | 141:5 |
| 17. | ഉയർന്ന മലകൾ | സങ്കീ. | 104:18 |
| 18. | ദീപം | സങ്കീ. | 132:17 |
| 19. | ഫീനെഹാസ് | സങ്കീ. | 106:30 |
| 20. | സന്തോഷിച്ചു | സങ്കീ. | 107:30 |

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011